# കൈരളി

| പുസ്തകം ൨൨. | ൧൧൨൨ കർക്കിടകം | ലക്കം ൪. |
| --- | --- | --- |

## ഈശ്വരാന്വേഷണം.

— ബ്രഹ്മചാരി വിജ്ഞാനചൈതന്യൻ.

ഈശ്വരനും മനുഷ്യനും മദ്ധ്യേയായി മായാശക്തി ഇരിക്കുന്നതിനാൽ മനുഷ്യന് ഈശ്വരനെ ദർശിക്കാൻ സാധിക്കുന്നില്ല. അതായതു് ഈശ്വരമഹിമകൾ അറിയുന്നതിനോ, അനുഭവിക്കുന്നതിനോ സാധിക്കുന്നില്ല. ഈ മായാബന്ധത്തിൽനിന്നും മോചനം ലഭിക്കുന്നതിനു നാം ഏതൊരു മാർഗ്ഗത്തെ (ഉപായത്തെ) യാണു സ്വീകരിക്കേണ്ടതു്? ആരാണോ, മായാബന്ധത്തിൽനിന്നും മോചനം ലഭിക്കുന്നതിനായി അനവരതം യത്നിക്കുന്നതു്, അവന് അതിനുള്ള ഉപായം ഈശ്വരൻ തന്നെ കാട്ടിക്കൊടുക്കുന്നു. * "യം ഏവ ഏഷ വൃണുതേ തേനലഭ്യസ്തസ്യ ഏഷ ആത്മാ വിവൃണുതേ തനൂം സ്വാം." ദൃഢവും അന്തമില്ലാത്തതും നിഷ്കന്മഷവുമായ ആഗ്രഹവും നിരന്തര ശ്രമവുമാണ് ഇതിനാവശ്യം.

തനിക്കു സന്താനങ്ങൾ ഇല്ലല്ലോ എന്നു വിചാരിച്ചു് എത്രയോ ജനങ്ങളാണു ധാരധാരയായി കണ്ണീർ ഒഴുക്കുന്നതു്? പിന്നെ എത്രയോ പേരാണു ധനധാന്യങ്ങൾ ഇല്ലല്ലോ എന്നു പറഞ്ഞു് അവരുടെ ഹൃദയം പൊട്ടുംവണ്ണം സങ്കടപ്പെടുന്നതും അദ്ധ്വാനിക്കുന്നതും? ഹാ! എന്നാൽ എത്രപേരാണു തങ്ങൾക്കു് ഈശ്വരസാക്ഷാത്കാരം ലഭിക്കുന്നില്ലല്ലോ എന്നു വിചാരിച്ചു സങ്കടപ്പെടുന്നതും, അതിനുവേണ്ടി അദ്ധ്വാനിക്കുന്നതും? വളരെ കുറച്ചുപേർ മാത്രം! "അന്വേഷിക്കുക, കണ്ടെത്തും." ആഗ്രഹത്തിനുവേണ്ടി ഹൃദയം പൊട്ടിക്കരയുന്നവൻ ഭഗവാനെ കണ്ടെത്തും.

* കഠോപനിഷത്തു് (2-ാംവല്ലി, ശ്ലോ. 23)

ഭാൎയ്യ, പുത്രൻ, ധനം, ഗൃഹം ഇതുകൾക്കുവേണ്ടി നാം എത്ര ബദ്ധപ്പാടോടെ അദ്ധ്വാനിക്കുന്നുവോ, അതിന്റെ ഒരു ചെറിയ അംശം ബദ്ധപ്പാട് ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടി നമ്മളിൽ ഉണ്ടെങ്കിൽ തീൎച്ചയായും നമ്മൾക്ക് അദ്ദേഹത്തെ ഈ ജീവിതത്തിൽ, അല്ല, ഈ നിമിഷത്തിൽതന്നെ അനുഭവപ്പെടുത്തുവാൻ സാധിക്കും. ആൎക്കാണോ അദ്ദേഹത്തെ ദൎശിക്കേണ്ടതു്, അവൎക്ക് അദ്ദേഹം അതിനുള്ള വഴി കാട്ടിക്കൊടുക്കും; ഇതെത്രയും വാസ്തവമാണ്. ഈശ്വരചിന്ത എപ്പോഴും നമ്മളിൽ ഉണ്ടായിരിക്കട്ടെ. "നടക്കുമ്പോഴും, ഇരിക്കുമ്പോഴും, എന്നുവേണ്ട നാനാകൎമ്മങ്ങൾ അനുഷ്ഠിക്കുമ്പോഴും", അദ്ദേഹത്തെ മനസ്സിൽ സങ്കല്പിച്ചു നമുക്കു കൎമ്മം ചെയ്യാം. തീൎച്ചയായും, പ്രീതനായ അദ്ദേഹം നമ്മെ അനുഗ്രഹിക്കതന്നെ ചെയ്യും. സൎവ്വ കൎമ്മങ്ങളും ഈശ്വരാൎപ്പണമായി ചെയ്യുകയും നാം അദ്ദേഹത്തിന്റെ പ്രിയ സന്താനങ്ങൾ എന്നുള്ള തത്വം മറക്കാതിരിക്കയും ചെയ്യുക. അപ്പോൾ നമ്മളിൽനിന്നും അജ്ഞാനം, അഥവാ മായ, താനേതന്നെ നീങ്ങുകയും, അദ്ദേഹം നമുക്കു പ്രത്യക്ഷമാവുകയും ചെയ്യും. അപ്പോൾ, ഈ മുമ്പിൽ കാണുന്ന ലോകം മറ്റൊരുവിധത്തിൽ നമുക്ക് അനുഭവപ്പെടും. അതായതു്, ഈ ലോകം ഈശ്വരചൈതന്യംകൊണ്ടു നിറഞ്ഞതാണ് എന്നു മനസ്സിലാകും. സുഗന്ധത്തിലും, ദുൎഗ്ഗന്ധത്തിലും; സ്ത്രീയിലും, പുരുഷനിലും; ചലത്തിലും, അചലത്തിലും; സത്തിലും, അസത്തിലും ആ നിത്യമുക്തശുദ്ധബുദ്ധസ്വരൂപിയായി കല്യാണഗുണനിധിയായി ഭക്തവത്സലനായ അദ്ദേഹത്തെ നമുക്കു ദൎശിക്കാൻ സാധിക്കും. അപ്പോൾ, നാം ആനന്ദമഗ്നന്മാരായി, ഹരിനാമകീൎത്തനപരന്മാരായി, പ്രേമമയന്മാരായിത്തീരും.

എന്നാൽ ഇവിടെ ഒരു കാൎയ്യം നാം ഓൎമ്മവെയ്ക്കണം. ഈശ്വരസാക്ഷാത്കാരത്തിനുശേഷം നാം എന്താണു ചെയ്യേണ്ടതു് എന്നുള്ളതിനെക്കുറിച്ച്. കഠിന തപസ്സുകൊണ്ടോ, കീൎത്തനാലാപനങ്ങളെക്കൊണ്ടോ, മറ്റേതെങ്കിലും പ്രകാരത്തിൽ ഭക്തിമാൎഗ്ഗമനുസരിച്ചോ നാം ഈശ്വരദൎശനത്തിന് അൎഹന്മാരായി എന്നു വിചാരിക്കുക. എന്നാൽ, ഇതുകൊണ്ടു കാൎയ്യങ്ങൾ മുഴുവനുമായി എന്നു സമാധാനപ്പെടേണ്ട. രാവണൻ, കുംഭകൎണ്ണൻ, ഹിരണ്യകശിപു മുതലായ ആളുകളും, നാരദൻ, ശുകൻ, വിഭീഷണൻ, വിശ്വാമിത്രൻ, പ്രഹ്ലാദൻ, ധ്രുവൻ മുതലായ മഹൎഷിമാരും ഭക്തന്മാരും, സ്വയംപ്രഭ, ശബരി തുടങ്ങിയുള്ള ഭക്തകളും ഈശ്വരസാക്ഷാത്കാരം സിദ്ധിച്ചിട്ടുള്ളവരാണ്. എന്നാൽ രാവണൻ,

കുംഭകർണ്ണൻ, ഹിരണ്യകശിപു മുതലായ താപസന്മാരും നാരദാദിമുനി ഭക്തവൃന്ദങ്ങളും തമ്മിൽ നാമൊരു വലിയ അന്തരം കാണുന്നുണ്ട്. വരം കൊടുത്ത വിഷ്ണുതന്നെ, വരം സ്വീകരിച്ച കംസൻ, രാവണൻ ഇവരെ ഹനിക്കുന്നതിനായി മനുഷ്യരൂപം സ്വീകരിക്കത്തക്കവണ്ണം, അവർ, അത്ര മനുഷ്യോപദ്രവികളായിത്തീരുകയാണ ചെയ്യുന്നത്. എന്നാൽ നാരദൻ, ശബരി തുടങ്ങിയ ഭക്തന്മാരും, ഭക്തകളുമായ ആളുകൾ ലോകകല്യാണാർത്ഥം ജീവിക്കയും, അവർ ലോകത്തെ എന്നെന്നേയ്ക്കുമായി അനുഗ്രഹിക്കയും ചെയ്തു. ഈ വലിയ അന്തരത്തിനുള്ള കാരണം എന്താണ്? (രണ്ടുകൂട്ടർക്കും മോക്ഷലാഭം ഉണ്ടായോ, ഇല്ലയോ എന്നുള്ളതല്ല എന്റെ പ്രശ്നവിഷയം.) പിന്നയോ, ഒരുവൻ ലോകകല്യാണാർത്ഥം അല്ലേ ഈശ്വരസാക്ഷാത്കാരത്തിനു ശ്രമിക്കേണ്ടതു് എന്നാണ്.

അസുരന്മാരും, സുരന്മാരും ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടി ശ്രമിച്ചു എന്നും, രണ്ടു കൂട്ടർക്കും അതു ലഭ്യമായി എന്നും നാം പുരാണങ്ങളിൽനിന്നും അറിയുന്നു. അതിൽതന്നെ അസുരന്മാരെ നിഗ്രഹിക്കാൻ ഭഗവാൻ മനുഷ്യരൂപം കൈക്കൊള്ളുന്നതായും, അതേ അവസരത്തിൽ തന്നെ സുരന്മാരെ പുനഃപുനരനുഗ്രഹിക്കുന്നതായും നാം കാണുന്നു.

തമസ്സ്, രജസ്സ്, സത്വം എന്നു മൂന്നു ഗുണങ്ങൾ ഉണ്ട്. ഇവ സമസ്ത സ്ഥാവരജംഗമങ്ങൾക്കും ഉള്ള ത്രിവിധഗുണങ്ങളാണ്. ഇതിൽ മനുഷ്യർ ജംഗമങ്ങളിൽ ഉൾപ്പെടുന്നു. അവരിലും നിയമേന ഈ ത്രിവിധഗുണങ്ങൾ അടങ്ങിയിരിക്കുന്നു. ഇവകൾ ത്രിവിധങ്ങളാണെങ്കിലും, ഓരോ കാലത്തിൽതന്നെ നമ്മളിൽ ഇവ സ്ഥിതി ചെയ്യാം. എന്നാൽ വ്യക്തിയുടെ സ്ഥിതി അനുസരിച്ച്, ഇതിൽ എതെങ്കിലും ഒന്നു തല ഉയർത്തിപിടിക്കയും മനുഷ്യനെ തദനുസരണം പ്രവർത്തിപ്പിക്കയും ചെയ്യും. ഗീതയിൽ, ഭഗവാൻ ശ്രീകൃഷ്ണൻ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു.

"സത്വാത് സംജായതേ ജ്ഞാനം
രജസോ ലോഭ ഏവച
പ്രമാദമോഹൗ തമസോ
ഭവതോ അജ്ഞാനമേവച."

(അ: 14· ശ്ലോ: 17)

അർത്ഥം—സത്വഗുണത്തിൽനിന്നു ജ്ഞാനവും, രജോഗുണത്തിൽനിന്നു ലോഭവും ഉണ്ടാകുന്നു. തമോഗുണത്തിൽനിന്നു് അജാഗ്രത, വിപരീതജ്ഞാനം ഇവയുമുണ്ടാകുന്നു.

സത്വഗുണത്തിൽനിന്നു ജ്ഞാനം, അതായതു് ഈശ്വരൻ, മാത്രമാണു് സത്തായിട്ടുള്ളതെന്നും, മററുള്ളതെല്ലാം മിഥ്യയാണെന്നുമുള്ള അറിവു് (അനുഭവം) ഉണ്ടാകുന്നു. അറിവു്, എന്നു പറഞ്ഞതുകൊണ്ടു വെറും പുസ്തകം വായിച്ചുണ്ടാകുന്ന അറിവു് എന്നു് അൎത്ഥം തെററിദ്ധരിക്കേണ്ട. ഇതു സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതായിരിക്കണം. ഒരുവൻ പഞ്ചസാരയ്ക്കു മധുരമുണ്ടെന്നു് പുസ്തകദ്വാരാ അറിഞ്ഞിട്ടുണ്ടു്. ഇതൊരുതരം അറിവുതന്നെ, സംശയമില്ല. എന്നാൽ മറെറാരുവൻ പഞ്ചസാരയുടെ മധുരത്തെപ്പററി കേട്ടിട്ടുമുണ്ടു്; അതു സ്വശ്രമത്താൽ കരസ്ഥമാക്കി തന്നിട്ടുമുണ്ടു്. ഇതു വേറൊരു തരത്തിലുള്ള അറിവാണു് (സ്വാനുഭവമാണു്.) ഈശ്വരനെപ്പററിയുള്ള ഇവ്വിധ സ്വാനുഭവത്തെയാണു്, മഹത്തുക്കൾ ജ്ഞാനം എന്നു പറയുന്നതു്.

ഇപ്രകാരമുള്ള ഈശ്വരജ്ഞാനം, മനുഷ്യഹൃദയത്തെ ഭഗവത് പാദാരവിന്ദങ്ങളിൽനിന്നു തെററി ഇതരവസ്തുക്കളിൽ പോകുന്നതിനു് അനുവദിക്കുന്നില്ല. എന്തെന്നാൽ, ഭഗവദനുഗ്രഹം ഹേതുവാൽ അവനിൽ ശാന്തിയും, സമാധാനവും, തൃപ്തിയും ഉണ്ടായിരിക്കും. ഇതു്, സാത്വികാവസ്ഥയിൽ മാത്രമേ ഒരുവനു സിദ്ധമാവുകയുള്ളു. ഈ കൂട്ടത്തിൽ പെട്ടവരാണു മേൽ ഉദ്ധരിച്ച മുനിമാരും, താപസികളായ മാതാക്കളും. ഇവ്വിധമുള്ളവരെക്കൊണ്ടു ലോകകല്യാണമല്ലാതെ, ലോകോപദ്രവം എങ്ങനെ ഉണ്ടാകും? ഉണ്ടാകാൻ നിവൃത്തി ഇല്ലതന്നെ.

ഇനിയും രാജസരായവരെപ്പററി നമുക്കൊന്നു നോക്കാം. ലോഭമാണു രാജസസ്വഭാവത്തിന്റെ അടയാളമായി ഗീത പറയുന്നതു്. അതായതു്, തനിക്കു് ഇതു കിട്ടണം, അതു കിട്ടണം; കിട്ടിയതുകൊണ്ടൊന്നും തൃപ്തിയില്ലാതെ, വീണ്ടും വീണ്ടും പുതിയ വിധത്തിലുള്ള സംഭാരങ്ങൾ ശേഖരിക്കണമെന്നുള്ള ആഗ്രഹവും, അതിനുവേണ്ടിയുള്ള നിരന്തരശ്രമവും. ശ്രമം, സത്യത്തെയോ ധൎമ്മത്തെയോ അടിസ്ഥാനമാക്കിയതായിരിക്കണമെന്നുള്ള ശ്രദ്ധ, അവൎക്കില്ലതന്നെ. അവർ, സകാമന്മാരാണു്. കാമ്യവസ്തുക്കളുടെ ലാഭമാണു് അവരുടെ തൃപ്തികാരണം. അതിനാണവർ ഈശ്വരഭജനം ചെയ്തു്, അഥവാ, കഠിനതപസ്സുപോലും ചെയ്തു്, ഈശ്വരസാക്ഷാത്കാരം സമ്പാദിക്കുന്നതു്. അല്ലാതെ, ലോകകല്യാണത്തിനല്ലതന്നെ. എന്നാലോ, സ്വാൎത്ഥലാഭാൎത്ഥം മാത്രം. ആയതുകൊണ്ടു്, ഇവരെ സംബന്ധിച്ചിടത്തോളം ഇതു്, ഈശ്വരസാക്ഷാത്കാരം എന്നു പറവാൻ നിവൃത്തി ഇല്ല.

എന്തെന്നാൽ, ഇവർ മനഃശ്ശുദ്ധിയോ, ഭക്തിയോ അല്ല ഭഗവാനിൽ നിന്നും യാചിക്കുന്നതു്. എന്നാൽ "വരം" മാത്രമാണു്; തദ്വാരാ അവരുടെ അനുഗ്രഹസാദ്ധ്യവും. ഈശ്വരൻ കല്പകവൃക്ഷംപോലെയാണു്. അതിന്റെ ചുവട്ടിൽ ഇരുന്നുകൊണ്ടു്, എന്തു വേണമെന്നു വിചാരിക്കുന്നുവോ, അതു് അവൎക്കു ലഭിക്കും. വിദ്യാഭ്യാസം, സജ്ജനസംസൎഗ്ഗം, സത്ഗ്രന്ഥപാരായണം, മനനം, നിദിധ്യാസനം, തദ്വാരാ ആത്മസാക്ഷാത്കാരം ഇതുകൾ വേണമെന്നു വിചാരിച്ചു്, ആ സത്യസ്വരൂപനെ ഏവർ തന്റെ സത്പഥനിയാമകനായി വരിക്കുന്നുവോ അവൎക്കതും; യാതൊരുവർ, ധനം ധാന്യം, ഉത്തമകുലജാതയും സത്സ്വഭാവിയുമായ പത്നിയും, ഉത്തമസന്താനങ്ങളും വേണമെന്നു വിചാരിച്ചു് അദ്ദേഹത്തെ ആശ്രയിച്ചു കൎമ്മം ചെയ്യുന്നുവോ അവൎക്കതുകളും ലഭിക്കും. എന്നാൽ, തോന്നിയവാസിയും, കള്ളനും, കുടിലനും, വിദ്യാവിഹീനനുമായി ജീവിതം നയിച്ചു്, തദ്വാരാ ലഭ്യമാകുന്ന ദുഃഖം സുഖമെന്നു തെറ്റിദ്ധരിച്ചു് അതിനുവേണ്ടി ശ്രമിക്കുന്നവൎക്കു്, അതും ആ സത്യസ്വരൂപി നൽകുന്നു. അതായതു തന്റെ ഇഷ്ടാനുസരണമുള്ള പന്ഥാവിൽകൂടി പോകുന്നതിനുള്ള സൎവ്വസ്വാതന്ത്ര്യവും അദ്ദേഹം പ്രാണികൾക്കു നൽകിയിരിക്കുന്നു. ഈശ്വരനാകട്ടെ നിസ്വാൎത്ഥസ്വരൂപിയാണു്. അദ്ദേഹത്തിനു് ഒന്നുംതന്നെ സ്വന്തമായി സാധിക്കേണ്ടതില്ല. എങ്കിലും അദ്ദേഹം സമസ്ത ജീവജാലങ്ങളിലും കുടികൊണ്ടു്, ജീവികളെക്കൊണ്ടു കൎമ്മങ്ങൾ ചെയ്യിക്കുന്നു. ഒന്നുകൂടി തുറന്നു പറയുകയാണെങ്കിൽ, സൎവ്വ ജീവജാലങ്ങളിൽകൂടി അദ്ദേഹം ഇടവിടാതെ നിഷ്ക്കാമമായി കൎമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ശ്രീമത് ഭഗവത്ഗീത, ഇതു് ഒന്നുകൂടി സുവ്യക്തമാക്കുന്നു.

"നമേ പാൎത്ഥാസ്തി കൎത്തവ്യം
ത്രിഷു ലോകേഷു കിഞ്ചന
നാനവാപ്തമവാപ്തവ്യം
വൎത്ത ഏവ ച കൎമ്മണി"

(ഗീത: അ. 3. ശ്ലോ: 22)

അല്ലയോ അൎജ്ജുന! എനിക്കു പ്രാപിക്കേണ്ടതായിട്ടു് ഈ ലോകത്തിൽ (ത്രിലോകങ്ങളിലും) ഒന്നുംതന്നെ ഇല്ല. എപ്രകാരമെന്നാൽ, ഒരു ഗൃഹത്തിന്റെ ഉടമസ്ഥനു തന്റെ ഗൃഹത്തിലുള്ള സകല ദ്രവ്യ

ങ്ങളും എങ്ങിനെ സ്വാധീനമായിരിക്കുന്നുവോ, അതുപോലെ സകല ലോകത്തിനും പ്രഭുവായിരിക്കുന്ന എനിക്കു സകല വസ്തുക്കളും പ്രാപ്തമായിത്തന്നെ ഇരിക്കുന്നു. എങ്കിലും ഞാൻ കർമ്മത്തിൽ പ്രവർത്തിച്ചു കൊണ്ടുതന്നേ ഇരിക്കുന്നു.

സമസ്ത ജീവജാലങ്ങളും ഭഗവത് മാഹാത്മ്യത്തിൽ നിരന്തരം കർമ്മങ്ങൾ ചെയ്യുന്നു. എപ്രകാരമെന്നാൽ സൂര്യോദയത്തിൽ ജീവികൾ ഉണർന്ന് അവരവരുടെ കർമ്മങ്ങളിൽ ഏർപ്പെടുന്നതുപോലെ. ചിലർ സൽകർമ്മങ്ങൾ ചെയ്ത് ആനന്ദമനുഭവിക്കുന്നു. മററു ചിലർ വേറെ ചില കർമ്മങ്ങളിൽ ഏർപ്പെട്ട്, അതിന്റെ ഗുണകരവും ദോഷകരവുമായ ഭാഗങ്ങൾ അനുഭവിക്കുന്നു. നന്മയായാലും ശരി, തിന്മയായാലും ശരി, അവനവന്റെ കർമ്മത്തിന്നനുസരിച്ചാണു ഫലം. ഇവിടെ, ഭഗവാൻ ജീവികൾക്കു കർമ്മത്തിൽ ഏർപ്പെടുന്നതിനുള്ള ശക്തിയും, കർമ്മം ചെയ്യുന്നതിനുള്ള ഉപായവും കാട്ടിക്കൊടുക്കുന്നുണ്ടെങ്കിലും, അദ്ദേഹത്തിന് ഇതിൽ യാതൊരു മമതയോ, ഉത്തരവാദിത്വമോ ഇല്ല. എന്നാൽ ജീവികളാണു തങ്ങളുടെ കർമ്മഫലത്തെ അനുഭവിക്കുന്നതു്. നിനക്ക് എന്താണു വേണ്ടതു് അതിനുവേണ്ടി നീ ജോലിചെയ്യുന്നു. ബുദ്ധിയുള്ളവൻ നല്ലതാഗ്രഹിക്കുന്നു. അവൻ സത് കർമ്മവും ചെയ്യുന്നു. മറെറയാൻ, അസത്തിനെ സത്തു് എന്നു തെററിദ്ധരിച്ച് അതിനുവേണ്ടി കർമ്മം ചെയ്യുന്നു. അവനു് അതിന്റെ ഫലവും കിട്ടുന്നു. അതുകൊണ്ടു് നല്ലതു ചെയ്യുവിൻ, നിഷ്കാമികളായിരിക്കുവിൻ. അല്ലാതെ ബുദ്ധിഹീനന്മാരായി, ദുഷ്കർമ്മം ചെയ്തു് അതിന്റെ ഫലം അനുഭവിക്കാറാകുമ്പോൾ ഈശ്വരനെ ശപിക്കാതിരിക്കിൻ. സർവ്വദാതാവായ അദ്ദേഹം നിങ്ങൾക്ക് എന്തു വേണമെങ്കിലും തരും. "സത് വസ്തു"വായ ആ പരബ്രഹ്മത്തെ ആഗ്രഹിച്ച ഋഷീശ്വരന്മാൎക്കും, താപസികളായ മാതാക്കൾക്കും അദ്ദേഹം അതു കൊടുത്തു. അഥവാ അവർ ചിദാനന്ദരസമായ ആ നിത്യധാമത്തിൽ ലയിച്ചു. ലോകാഡംബരത്തിലും, യശസ്സിലും, കാമകാഞ്ചനങ്ങളിലും ആസക്തരായ രാജസസ്വഭാവികളായ രാക്ഷസന്മാൎക്ക് അദ്ദേഹം അവരുടെ ആഗ്രഹങ്ങളും സാധിപ്പിച്ചു കൊടുത്തു. എന്നാൽ അദ്ദേഹം രണ്ടിന്നും ഉത്തരവാദിയല്ല.

നാം ഈശ്വരനെ ഭജിക്കുന്നതു തന്റെ ആത്മലാഭത്തിനും ലോകനന്മക്കും വേണ്ടിയായിരിക്കണം. അതായതു്— "ആത് മനോ മോക്ഷാൎത്ഥം ജഗത് ഹിതായ ച" ഇതു ചൂട്ടും വെളിച്ചവുംപോലെ അിവ

ഭാജ്യങ്ങളാണ്. ലോകഹിതം കൂടാതെ ആത്മസാക്ഷാത്കാരം സാദ്ധ്യമല്ല. ആത്മസാക്ഷാത്കാരം കൂടാതെ ലോകഹിതവും അസാദ്ധ്യം. അതുകൊണ്ട് ഒന്നിനുവേണ്ടി ശ്രമിക്കുമ്പോൾ മറ്റതും അതിന്റെ പിൻതുടരുന്നതായി നമുക്ക് അനുഭവമാകും. ലോകഹിതം നിസ്സാരമാണെന്നും, ആത്മസാക്ഷാത്കാരമാണു ശ്രേഷ്ഠമെന്നും, അതല്ല ആത്മസാക്ഷാത്കാരം നിസ്സാരമെന്നും ലോകഹിതമാണു വേണ്ടതു് എന്നും, പറയുന്നതു ശുദ്ധമേ അസംബന്ധവും അവാസ്തവവുമാണ് എന്നു് ഇതുകൊണ്ടു തെളിയുന്നു. യഥാർത്ഥമായി ഈശ്വരസാക്ഷാത്കാരം സിദ്ധിച്ചവൻ സർവ്വലോകഹിതവും, സർവ്വലോകഹിതം സമ്പാദിച്ചവൻ ആത്മസാക്ഷാത്കാരവും സിദ്ധിച്ചവനാകുന്നു. അതുകൊണ്ടു നമ്മൾ ഒരു ഈശ്വരസാക്ഷാത്കാരത്തിനു നിരന്തരം, നിസ്വാർത്ഥം ശ്രമിക്കാം. അതിൽ അനവരതം ശ്രമിച്ചു ഫലപ്രാപ്തി ഉണ്ടാകുന്നതിനു, കല്യാണഗുണനിധിയായി, സർവ്വഭൂതങ്ങളിലും അധിവസിക്കുന്നവനെങ്കിലും ബഹിർയാമിയുമായ ആ ഭഗവാൻ ശ്രീരാമകൃഷ്ണൻ നമ്മെ എല്ലാപേരേയും ഒരുപോലെ അനുഗ്രഹിക്കട്ടെ.

ഓം! ശാന്തി! ശാന്തി! ശാന്തി!

---

# പുഷ്പദർശനം.

—വൈലോപ്പിള്ളിൽ ശ്രീധരമേനോൻ, ബി. എ.

കാശിയിൽ, സ്സന്ധ്യാനാമം ജപിക്കും വിണ്ണാറിന്റെ
പാർശ്വഭാഗത്തി,ലെന്തീ ഘോഷവും ലഹളയും?
ഇരുളിൽത്താഴുന്നോരു കുടിലിൻമുറ്റത്താ
പരുഷാരാവംകൂട്ടും പുരുഷാരത്തെയൊന്നു.

ഇച്ചെറുകുടിൽക്കകം വിശ്രമിക്കുന്നൂ, മൃത്യു-
ദർശിതൻ, ഭക്തിസ്തോത്രവിശ്രുതൻ, കബീർദാസൻ
തച്ഛവസംസ്കാരാർത്ഥം തങ്ങളിൽക്കലഹിപ്പൂ
ശിഷ്യവർഗ്ഗരാം മുഹമ്മദരും ഹിന്ദുക്കളും.

ഹൈന്ദവസംസ്കാരത്തിന്നാസ്വാദ്യഫലങ്ങളും
സുന്ദര മാഹമ്മദസൂക്തിമാധ്വിയുമുണ്ട്,
ഗംഗതൻ തടത്തിങ്കലദ്വൈതസിദ്ധാന്തത്തെ
ബ്ഭംഗിയിൽപ്പാടിപ്പാടിപ്പാർത്ത പൈങ്കിളിയേതോ,
വേദാന്തസൂത്രങ്ങളാൽ സ്തോത്രങ്ങൾ നെയ്തുണ്ടാക്കി
ഭ്രാതാക്കൾക്കരുളിയ നെയ്ത്തുകാരനുമേതോ,
അപ്പരിശുദ്ധാത്മാവിൻ വസ്ത്രമാം ജഡത്തിന്നാ-
യിപ്പടി കലഹിപ്പൂ ഹിന്ദുവും മുസൽമാനും.

പറഞ്ഞാനൊരു മുസ്ലീം, "മരുഭൂമിയിലീന്ത-
പ്പഴംപോലുണ്ടായോരു നബിതൻ സന്ദേശത്തെ
ആത്മാവിൻ വിശപ്പിനെശ്ശമിപ്പിക്കുവാൻവേണ്ടി
യാസ്ഥയാ വിശ്വാസികൾക്കേകിയ നേതാവിനെ
നരകത്തീയിലിട്ടു നീറ്റുവാൻ തുടങ്ങുന്നോ
കരിങ്കൽദ്ദൈവങ്ങളെക്കൂപ്പുമിച്ചെകുത്താന്മാർ?
വെട്ടെങ്കിൽ വെട്ടാവട്ടെ; വെണ്ണക്കൽക്കുടീരത്തിൻ
തട്ടിങ്കൽവെച്ചാവട്ടേ തച്ഛവക്രിയയെല്ലാം."
ഓതിനാനൊരു ഹിന്ദു, "ജാഹ്നവീതടത്തിങ്കൽ
നാഥനാം ശ്രീരാമന്റെ നാമകീർത്തനം ചൊല്ലി
മർത്ത്യരെസ്സംസാരത്തിന്നക്കരെയെത്തി,ച്ചെന്നും
സിദ്ധനാം ഗുഹനെപ്പോൽ വാണൊരീയാചാര്യനെ

കഴിച്ചുമൂടാമെന്നോ, വയററിൽപ്പശുമാംസം
കുഴിച്ചുമൂട്ടും മൂഢജന്തുക്കൾ ചിന്തിദന്നോ?
വെട്ടെങ്കിൽ വെട്ടാവട്ടേ, ദേവസിന്ധുവിൻ മണൽ-
ത്തിട്ടിങ്കൽ വെച്ചാവട്ടേ ഗുരുവിൻ ശവദാഹം."
ഇങ്ങിനെ തർക്കം മൂത്തടിയും പിടിയുമായ്
ഗംഗതൻ തീരത്തിങ്കലൊഴുകീ കെട്ടരക്തം
അന്ധരാമിവരെ,ങ്ങാ വന്ദ്യമാം ജഡമെങ്ങോ?
ഹന്ത നാം മനുഷ്യരോ, നായ്ക്കളോ, നരികളോ?

അത്ഭുതമെന്നേ വേണ്ടൂ, തൽക്ഷണം പ്രത്യക്ഷനായ്
തൽപുരോഭാഗേ, ദിവംഗതനാം കബീർദാസൻ.
വൃദ്ധമാം വപു,സ്സർദ്ധനഗ്നമെന്നാലും, പരി-
ശുദ്ധമാം തേജസ്സിനാൽ പരിവേഷ്ടിതനായോൻ,
ദൈവത്തിൻ കഴൽപ്പൂക്കൾ നേരിട്ടു ചുംബിച്ചതു
കൈവല്യം നുകർന്നോരു ശാന്തലോലമാം ചുണ്ടിൽ
സ്ഫുരിക്കും മന്ദസ്മിതസുധയാൽ, ശിരസ്സലം-
കരിക്കും നരകുടികളും നവവെണ്മയെച്ചേർത്തോൻ,
ശംഖുപോൽ, ഭക്ത്യാ പാതിമുകുളീകൃതങ്ങളാം
കൺകളിൽക്കൂടി കൃപാതീർത്ഥങ്ങളൊഴുക്കുന്നോൻ,
ഭാവിയിൽ ഫലം നൽകും ഭവ്യാനുഗ്രഹങ്ങളാൽ
പ്പൂവിട്ടുനില്ക്കും പുണ്യാങ്കുരമാം കരമാർന്നോൻ,
ഗംഗയാർ കഴുകുന്ന മംഗളമണൽത്തിട്ടും
നിർമ്മലമാക്കും പാദപങ്കജം തങ്കിടുവോൻ.

പൌർണ്ണമിച്ചന്ദ്രൻപോലെ പാരിനെക്കുളുർപ്പിക്കാൻ
വിണ്ണിൽനിന്നാർദ്രൻ കബീരവിടേക്കണഞ്ഞപ്പോൾ
വിരിഞ്ഞൂ നയനങ്ങൾ വെള്ളാമ്പലിനംപോലേ
നിരന്നൂ തൊഴുകൈകൾ നീർത്താരിൻകുടംപോലേ
ഒഴിഞ്ഞൂ മദമോഹം തിമിരവ്യൂഹംപോലെ
വഴിഞ്ഞൂ നയനാംബു നീഹാരജലംപോലെ
ഉതിർന്നൂ ഗുരുവിന്റെ വചനാമൃതം ചാലേ
ഹൃദന്തം ദ്രവിപ്പിക്കും മറ്റൊരു ഗീതംപോലേ.

"വത്സരേ! പിതാവിനെക്കുളപ്പേണ്ടും കരങ്ങളാൽ
മത്സരം ചൊല്ലിത്തമ്മിൽ മല്ലടിക്കുന്നോ നിങ്ങൾ?
ഹിന്ദുവാണെന്നാകിലും, മുസൽമാനെന്നാകിലും
ബന്ധുവാണാർക്കും പ്രേമസിന്ധുവാം പരമാത്മാ
നീരലരിലും പനിനീരലരിലും കാന്തി-
നീരലകലർത്തുന്നു സ്വർഗ്ഗീയകരോൽക്കരം
ചാരമായ് ച്ചമഞ്ഞാലും ചളിയായ് ത്തീർന്നാലും നി-
സ്സാരമാം ജഡത്തിനെയാരുവാൻ കരുതുന്നു?
സാരമാമാത്മജ്യോതിസ്സോരുവാൻ വയ്യാതനാ-
ചാരമാം തിമിരത്താലന്ധരായല്ലോ നിങ്ങൾ.
ഭക്തിയാം നീലാഞ്ജനം മെത്തിയ നേത്രങ്ങളാൽ
സത്തയാം പ്രകാശത്തെ നേർക്കു കണ്ടറിഞ്ഞാലും
പൊട്ടിയ കുടത്തിനായ് ഗംഗതൻ വക്കിൽക്കൊച്ചു
കുട്ടികൾപോലെ തമ്മിൽക്കലഹിക്കൊല്ല നിങ്ങൾ.

എങ്കിലുമാചാരത്തിൽ ശൃംഖല പൊട്ടിക്കുവാൻ
നിങ്ങളാലാവില്ലെങ്കിൽ മണ്ണിലോ കനലിലോ
മജ്ജഡം പകുത്തെടുത്തിട്ടുയാ മറചെയ്യൂ
മക്കളേ നിങ്ങൾക്കെല്ലാം മംഗളം ഭവിക്കട്ടേ!"

സുതരെ പ്രീണിപ്പിച്ചാസ്സൽഗ്ഗുരു പെട്ടെന്നൊരു
മധുരസ്വപ്നംപോലെ മാഞ്ഞു നിശയിങ്കൽ
സംഗരരക്തം തങ്കം തൻകരങ്ങളാൽത്തമ്മിൽ-
ക്കുങ്കുമാലേപംചെയ്തു പുണർന്നു തച്ഛിഷ്യന്മാർ
പൂതമാം പ്രയാഗതൻ പൂന്തണ്ണീർക്കണങ്ങളെ
പ്രീതിയാൽപ്പാനംചെയ്യും ഗംഗതൻ കുട്ടിത്തെന്നൽ
അവിടെസ്സൌഹാർദ്ദത്താലന്യോന്യമാശ്ലേഷിക്കു-
മവരെപ്പുൽകിപ്പുൽകിയാത്മ നിർവൃതി നേടി.

പിന്നീടു ശിഷ്യന്മാരഗ്ഗുരുവിൻ ശവമൂടി
ചെന്നുഢഭക്ത്യാ നീക്കി നോക്കുമ്പോൾ — ചിത്രം! ചിത്രം!
കാണാറാ,യവിടെത്തജ്ജഡത്തിൻ പകരമായ്
ച്ചേണാളും നാനാ രോജാനീരജകുസുമങ്ങൾ

കരിഞ്ഞും, പാതി മണ്ണിലടിഞ്ഞും പിന്നെച്ചെന്നു
വിരിഞ്ഞൂ തൽപുഷ്പങ്ങൾ വിണ്ണിലെപ്പൂന്തോട്ടത്തിൽ.

പകലിൻ മൃതദേഹം മൂടിവെച്ചൊരു വാനിൽ
പകരം നക്ഷത്രപ്പൂനികരം തെളിയവേ
പരിപൂർണ്ണത നോക്കിപ്പായുന്ന വിണ്ണാററിൻെറ
തിരയിൽത്തുഴഞ്ഞപ്പോൾപ്പാടുന്നു തോണിക്കാരൻ
"സേവകാ, ഭവാനെന്നെയെവിടെത്തിരയുന്നു?
താവകസമീപത്തിലല്ലയോ നിൽക്കുന്നു ഞാൻ?
വൻപെഴും കാബായിലും കൈലാസത്തിലും ഞാനി-
ല്ലമ്പലത്തിലുമില്ലാ പള്ളിയിങ്കലുമില്ലാ
യോഗത്തിലില്ലാ പിന്നെസ്സന്ന്യാസത്തിലുമില്ലാ
നീ കണ്ടുമുട്ടില്ലെന്നെ മന്ത്രതന്ത്രാദികളുള്ളിൽ
ശരിയായ് ഭവാനെന്നെത്തിരയുന്നുണ്ടെങ്കിൽ നി-
ന്നരികിൽക്കാണാമെന്നെ, ഞൊടിയിൽക്കാണാമെന്നെ."
അരുളിച്ചെയ്വൂ കബീർ, "അറിയൂ സാധോ! ദൈവ-
മഖിലശ്വാസത്തിനും ശ്വാസമെന്നറിയൂ നീ."

ആയിരം തിരുനാവാലാ ഗീരം തന്നേ പാടി
ആഹ്ലൃഷ്ടമിതൻ ഭക്തിപൂരമാം ഭാഗീരഥി.

# ഫാസിസത്തിൻെറ സാമ്പത്തികാടിസ്ഥാനം.

—എ. മാധവമേനോൻ.

ആധുനികലോകത്തിൽ കാണുന്ന രണ്ടു വിഭിന്ന താല്പര്യങ്ങളുടെ മൂർത്തിമത്തായ സ്വരൂപങ്ങളാണു തൊഴിലാളിയും മുതലാളിയും. ലോകത്തിൻെറ ആദ്യകാലം മുതൽക്കുതന്നെ— എഴുതപ്പെട്ടിട്ടുള്ള ചരിത്രത്തിൻെറ ആദ്യം മുതല്ക്കുതന്നെ—ലോകത്തിൽ വിഭിന്നതാല്പര്യങ്ങൾ തമ്മിൽ വർഗ്ഗകലഹം നിലനിന്നുപോന്നിട്ടുണ്ടു്. പ്രാകൃതമായ സാമുദായികജീവിതത്തിൽനിന്നു് ഏകരാജാധിപത്യവും, ഏകരാജാധിപത്യത്തിൽനിന്നു നാടുവാഴിപ്രഭുത്വവും, നാടുവാഴിപ്രഭുത്വത്തിൽനിന്നു വ്യാവസായികമുതലാളിമാരുടെ മേധാവിത്വവും ഉണ്ടായി. ഇതെല്ലാം അതാതു കാലത്തു നടന്നിട്ടുള്ള വർഗ്ഗമത്സരങ്ങളുടെ അനന്തരഫലങ്ങളായിട്ടാണു് ഉണ്ടായിട്ടുള്ളതും. സമുദായത്തിലെ ഉൽപാദനരീതിയിൽ — മനുഷ്യനു് ആവശ്യമായ ജീവിതോപകരണങ്ങളുടെ ഉൽപാദനസമ്പ്രദായത്തിൽ— വളർച്ചയുണ്ടാവുംതോറും സമുദായത്തിലെ അതാതു കാലത്തിലെ ഭരണാധികാരികൾക്കു് ആ വളർച്ചയുടെ ശക്തിയെ നിയന്ത്രിക്കുവാൻ കഴിയാതെവരും. ഓരോ കാലത്തും നിലനിന്നുപോന്നിട്ടുള്ള മർദ്ദനങ്ങളെ, ആ മർദ്ദനങ്ങൾ അനുഭവിക്കുന്നവർ എതിർത്തതിൻെറ ഫലമായി, പുതുതായി ഉണർന്ന ശക്തികൾക്കു പ്രാബല്യം സിദ്ധിക്കുകയും, മർദ്ദകരേയും ചൂഷകരേയും എതിർത്തു ഭരണയന്ത്രം കൈവശപ്പെടുത്തുവാൻ അവർക്കു സാധിക്കുകയും ചെയ്തു. ഒന്നര നൂറാണ്ടിനു മുമ്പു യൂറോപ്പിൽ നടന്ന വ്യാവസായിക വിപ്ലവം —കുടിൽവ്യവസായങ്ങൾ ഉണ്ടാക്കുന്ന സാധനങ്ങളെ യന്ത്രങ്ങളുടേയും ആവിയുടേയും സഹായംകൊണ്ടു ചുരുങ്ങിയ വിലയ്ക്കു് അധികമധികം ഉണ്ടാക്കിത്തള്ളുവാൻ സഹായിച്ച ആ പരിവർത്തനം — അതുവരെ നിലനിന്നുപോന്ന നാടുവാഴിപ്രഭുത്വത്തെ പാടെ നശിപ്പിച്ചു് ഒരു കൂട്ടം വ്യവസായമുതലാളിമാരെ സൃഷ്ടിച്ചുവിട്ടു. ലോകത്തിൽ പ്രജായത്തഭരണം തുടങ്ങിയ ചില ആധുനിക രാഷ്ട്രീയ തത്വങ്ങളുടെ പ്രവർത്തനം ഇതിന്മേൽ — ഈ വ്യാവസായികവിപ്ലവംമൂലമുണ്ടായ പുതിയ സാമുദായികഘടനയിന്മേൽ — കെട്ടിപ്പടുത്തുണ്ടാക്കുവാനും കഴിഞ്ഞു. എന്നാൽ മുതലാളി

ത്തം മൂത്തുമുഴുത്തു സാമ്രാജ്യാധികാരത്തിലെത്തുകയും, ലോകത്തിനെ പങ്കിട്ടെടുക്കുവാനുള്ള വാസന രാഷ്ട്രങ്ങൾക്കു വൎദ്ധിച്ചുവരികയും ചെയ്തു. ലോകത്തിലെ കാൎഷികരാജ്യങ്ങളെ പങ്കിട്ടെടുത്തതിനുശേഷവും സാമ്രാജ്യാധികാരസമ്പാദനത്തിനുള്ള വാസന വളൎന്നു് 1914 മുതൽ 18-വരെ നടന്ന ലോകമഹായുദ്ധത്തിൽ അവസാനിക്കുകയും ചെയ്തു. ഇതിന്നിടയ്ക്കു് ഒരു പ്രത്യേക സംഭവം നടന്നു. 1917-ൽ റഷ്യയിലെ തൊഴിലാളികൾ സംഘടിച്ചു് അവിടത്തെ സാമ്രാജ്യാധികാരത്തോടും, മുതലാളിത്തത്തിന്റെ മൎദ്ദനത്തിനോടും എതിരിട്ടു നശിപ്പിച്ചു, തൽസ്ഥാനത്തു് ഒരു തൊഴിലാളിസൎവ്വാധിപത്യം സ്ഥാപിച്ചു. ലോകമഹായുദ്ധത്തിന്നുശേഷം മിക്ക യൂറോപ്യൻ രാജ്യങ്ങളിലും ഈ വിപ്ലവമുണ്ടായി. ജൎമ്മനിയിലെയും ഇററലിയിലെയും, ഹംഗറിയിലെയും വിപ്ലവങ്ങൾ വാസ്തവത്തിൽ ലോകചരിത്രത്തിൽ റഷ്യൻവിപ്ലവംപോലെത്തന്നെ പ്രധാനങ്ങളാണു്. ജൎമ്മനിയിലെ വിപ്ലവത്തെ തുടൎന്നു് അവിടെ പന്ത്രണ്ടു കൊല്ലക്കാലത്തോളം സോഷ്യലിസ്ററ കാബിനററുകൾ ഭരണം നടത്തുകകൂടിയുണ്ടായി. നിസ്സാരങ്ങളായ ചില പിശകുകൾകൊണ്ടു് ഇററലിയിലെ വിപ്ലവം പരാജയപ്പെട്ടു. ഈ പരിതസ്ഥിതികളിൽനിന്നു ഫാസിസം ഉണ്ടായി.

മി. മിൽനർ എന്ന ബ്രിട്ടിഷു രാജ്യതന്ത്രജ്ഞൻ 1907-ൽ ഒരു സ്നേഹിതന്നയച്ച ഒരു കത്തിൽ ഇപ്രകാരം പറയുന്നു:— ‘മുതലാളിത്തം വളൎന്നു് അവസാനത്തെ ദശയിലെത്തുമ്പോൾ, അതിനു നിലനില്ക്കാൻ കഴിയാതെ ഒരുപക്ഷേ സോഷ്യലിസത്തിനു കീഴടങ്ങേണ്ടിവന്നു എന്നു വരാം. എന്നാൽ തൽസമയത്തു്, ഇതും സംഭാവ്യമാണു്: മുതലാളിത്തം ആരെങ്കിലും ഒരാളെ, ഒരു അവസരവാദിയെ, രാഷ്ട്രീയമായി പ്രത്യകാഭിപ്രായങ്ങളൊന്നും ഇല്ലാത്ത ഒരു വിദൂഷകനെ,—അയാൾ നല്ലൊരു പ്രാസംഗികനായിരിക്കണം എന്നുമാത്രം—പിടിച്ചുപൊന്തിച്ചു, പ്രജായത്തഭരണസമ്പ്രദായം മാററിവെച്ചു്, ഒരു സൎവ്വാധിപതിയായി നിശ്ചയിക്കും. അയാളുടെ പ്രവൃത്തികളെല്ലാം മുതലാളിത്തത്തിന്റെ നിയന്ത്രണത്തിലായിരിക്കുകയും ചെയ്യും.”

അങ്ങിനെ പുരോഗമനശക്തികളെ തടയുവാൻ മുതലാളിത്തത്തിന്റെ അവസാനപടിയായ സാമ്രാജ്യാധികാരിത്വം, പ്രജായത്തഭരണസിദ്ധാന്തത്തിന്റെ എല്ലാ വശങ്ങളെയും ഇല്ലായ്മചെയ്തു്, എടുക്കുന്ന ഒരു സ്വരൂപമാണു ഫാസിസം. ഫാസിസം വളൎച്ച നിലച്ചു

മുതലാളിത്തത്തിന്റെ ഒരു പടുതിരികത്തലാണു്; ഫാസിസത്തിന്റെ അക്രമങ്ങൾ മുതലാളിത്തത്തിന്റെ മരണവികൃതികളാണു്. ഇടിഞ്ഞു പൊളിഞ്ഞു വീഴുവാൻപോകുന്ന കെട്ടിടത്തിനു പുതിയ കെട്ടിടത്തിനു സജ്ജീകരിച്ചിട്ടുള്ള സാധനങ്ങൾ എടുത്തു താല്ക്കാലികമായ കേടുകൾ തീർക്കുവാൻ ശ്രമിക്കുന്ന ഒരു കൂട്ടം ആളുകളെ നാമറിയും. മുതലാളിത്തകെട്ടിടത്തെ കുറച്ചു ദിവസങ്ങൾകൂടി നിലനിർത്തുവാനാണു, സോഷ്യലിസ്ററു സമുദായഘടനപരിപാടിയുടെ ചില വശങ്ങൾ മാത്രം സ്വീകരിക്കുന്ന ഫാസിസ്ററു സർവ്വാധിപത്യം ശ്രമിക്കുന്നതു്. ഫാസിസത്തിനു സാമ്പത്തികമായി എത്രകണ്ടടിസ്ഥാനമുണ്ടെന്നു് ഒന്നു ചുഴിഞ്ഞുനോക്കുകയാണു് ഈ ലേഖനത്തിന്റെ ഉദ്ദേശം.

൨

മുതലാളിത്തത്തിന്റെ അവസാനപ്പടിയായ സാമ്രാജ്യാധികാരിത്വം അംഗീകരിക്കുന്ന ഒരു ഭയങ്കരസ്വരൂപമാണു ഫാസിസ്ററു സർവ്വാധിപത്യം എന്നു മുൻപറഞ്ഞുവല്ലോ. മുതലാളിത്തത്തിന്റെ വളർച്ചക്കു് അത്യാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ കിട്ടുവാനും, അവ ഉണ്ടാക്കുന്ന സാധനങ്ങൾ വിററഴിക്കുവാനും, രാജ്യത്തിലെ ജനങ്ങളുടെ സാമാന്യമായ സാമ്പത്തികനില മററുള്ള ജനങ്ങളെ മർദ്ദിച്ചും ചൂഷണം ചെയ്തും കുറച്ചൊന്നു ഭേദപ്പെടുത്തുവാനുമായി മുതലാളിത്തരാജ്യങ്ങൾക്കു കോളനികൾ അത്യാവശ്യമാണു്: അതിനാൽ കോളനികൾ അധികമധികം കിട്ടുവാൻ ഫാസിസം ശ്രമിക്കുന്നതാണു്. പക്ഷേ ലോകത്തിലെ "അപരിഷ്കൃതരാജ്യങ്ങൾ" മിക്കവയും ഓരോ സാമ്രാജ്യാധികാരിത്വം കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഈ സാമ്രാജ്യശക്തികൾ കോളനികൾ കൈവിട്ടൊഴിയുകയില്ലെന്നു സുവ്യക്തമാണു്. എന്തുകൊണ്ടെന്നാൽ, ആ സാമ്രാജ്യശക്തികളുടെ നിലനില്പിന്നും ഈ കോളനികൾ അത്യാവശ്യമാണു്. അതിനാൽ ഈ കോളനികൾ കൈയിൽനിന്നു് നഷ്ടപ്പെടുന്നതുകൊണ്ടു് അവരുടെ രാജ്യത്തിന്റെ ആന്തരസ്ഥിതി വരുത്തുന്ന മാററങ്ങളെ ഭയന്നു് അവർ ഒരു ഏററുമുട്ടൽ കൂടാതെ കോളനികൾ കൈവിട്ടൊഴിയുകയില്ല. ആദ്യം പ്രസ്താവിച്ച മാതിരി, ലോകമഹായുദ്ധത്തിലും, വേർസെയിൽസ് സന്ധിയിലും പരാജയപ്പെട്ട രാജ്യങ്ങളിലാണു ഫാസിസം ആദ്യം വളർന്നുവന്നതു്. അവരുടെ പഴയ കോളനികൾ—വിജയികളായ ശക്തി

കൾ 1919-ൽ അവരോടു പിടിച്ചെടുത്ത കോളനികൾ— മടക്കിക്കിട്ട ണമെന്നാണ് അവർ വാദിക്കാൻ തുടങ്ങിയതു്. ഹിററ്ലർ, യൂറോപ്പിലെ പോളിഷ് കോറിഡാറും, സാർ ബേസിനും മടക്കിക്കിട്ടണമെന്നാവശ്യപ്പെട്ടതിന്നുപുറമെ അവരുടെ ആഫ്രിക്കൻ കോളനികളും മടക്കിക്കിട്ടണമെന്നു ശഠിച്ചു. പക്ഷെ, ഈ കോളനികൾ മടക്കിക്കിട്ടിയതുകൊണ്ടോ മറോ ഫാസിസം സമാധാനപരമായി നിലകൊള്ളുമോ? രാജ്യത്തെ ആന്തരസ്ഥിതി അതിന്നനുവദിക്കുമോ; മുതലാളിത്തത്തിന്റെ വളൎച്ചയിൽ ഇതഃപൎയ്യന്തം പതിപ്പത്തുകൊല്ലം കൂടുമ്പോൾ ക്രമമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക വിഷമഘട്ടങ്ങൾ ഫാസിസ്റ്റ് രാജ്യങ്ങളുടെ രാഷ്ട്രീയമായ നിലനില്പിനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു; ആ ഘട്ടങ്ങളിൽ രാജ്യത്തെ സാമ്പത്തികനായത്തെ അട്ടത്തുണ്ടാകുവാൻ പോകുന്ന യുദ്ധങ്ങൾക്കനുസരിച്ചാണ ഫാസിസ്റ്റ് സൎവ്വാധിപതികൾ രൂപവൽക്കരിക്കുന്നതു്. മുതലാളിത്തത്തിന്റെ വളൎച്ചയിൽ അവസാന ഘട്ടത്തിന്റെ ഒരു പ്രത്യക്ഷലക്ഷണമാണിതു്. ഹിററ്ലർതന്നെ ചില പ്രസംഗങ്ങളിലും, അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽതന്നെയും, യൂറോപ്പിൽ ജൎമ്മനിയുടെ അതിൎത്തി ഒന്നുകിൽ ഭൂമിശാസ്ത്രപരമായ ഐക്യത്തെ സൂചിപ്പിക്കുന്ന ഒന്നായിരിക്കണം, അല്ലെങ്കിൽ ജൎമ്മൻ ജനതതിയെ മുഴുവൻ ഉൾക്കൊള്ളുന്ന ഒന്നായിരിക്കണം എന്നു പ്രസ്താവിച്ചിട്ടുണ്ടു്. ബാൻസ് എന്ന ഒരു ജൎമ്മൻ പ്രൊഫസർ ഒരു പുസ്തകത്തിൽ, ബ്രിട്ടൻ ജൎമ്മനിയുടെ വളൎച്ചയ്ക്കു തടസ്സമാണെന്നും, ബ്രിട്ടീഷ് സാമ്രാജ്യം ജൎമ്മനിയുടെ ആവശ്യങ്ങൾക്കു വശപ്പെടേണ്ടിവരുമെന്നും പ്രസ്താവിക്കുന്നു. വെർസെയിൽസ് സന്ധിയെ പുനരാലോചനചെയ്യണം എന്ന കൊടിക്കീഴിലാണ ഫാസിസം ഇന്നതിന്റെ സാമ്രാജ്യവ്യാമോഹങ്ങളെ സാധിക്കുവാനുള്ള നയങ്ങൾ നടപ്പിൽ വരുത്തുന്നതു്.

## ൩.

ഫാസിസം രാജ്യത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ തൊഴിലില്ലായ്മയും പട്ടിണിയും ഇല്ലാതാക്കുവാൻ എന്തെല്ലാമാണ ചെയ്യുന്നതു്? ഹിററ്ലരുടെ ഭരണത്തിൻകീഴിലുള്ള ജൎമ്മനിയിൽ തൊഴിലില്ലാത്തവരുടെ സംഖ്യ കുറഞ്ഞുവരുന്നുണ്ടെന്നു ചില കണക്കുകൾക്കു കാണിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു ചിലർ പറയാറുണ്ടു്. ഈ വിഷയത്തെപ്പറ്റി

 റിച്ച ഹിൻഡാ ബ്രൌണിംഗ് എന്ന ഒരു ഗ്രന്ഥകർത്രി പറയുന്നു: "ഹിററ്ലക്ക തൊഴിലില്ലാത്ത വേലക്കാൎക്ക തൊഴിലുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. അല്പസ്വല്പവിദ്യരായ ചില മദ്ധ്യവൎത്തികൾക്ക മാത്രമാണു തൊഴിലുണ്ടാക്കുവാൻ സാധിച്ചിട്ടുള്ളത്. അതും, ജൎമ്മനിയിലെ ആപ്പീസുകളിലും ഫാക്ടറികളിലും ജോലിയുണ്ടായിരുന്ന യുവതികളേയും, ജൂതന്മാരെയും പിരിച്ചയച്ചിട്ടാണ് ജോലിയുണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളതും. ഇതു വാസ്തവത്തിൽ, തൊഴിലില്ലാത്തവരുടെ സംഖ്യക്ക് ഒരു കുറവും വരുത്തിയിട്ടില്ല. നേരെമറിച്ച്, മൂന്നു ലക്ഷം വേലക്കാരെ പിരിച്ചയച്ചു തൽസ്ഥാനങ്ങളിൽ മൂന്നു ലക്ഷം വേലക്കാരെ നിയമിക്കുക മാത്രമാണു ഹിററ്ലരുടെ ഭരണം ചെയ്തത്."

ഈയിടെയായി ജൎമ്മനിയിലേയും ഇററലിയിലേയും ആയുധനിൎമ്മാണശാലകളിൽ രാവുപകൽ ജോലി നടന്നുകൊണ്ടിരിക്കുന്നുണ്ട്. തന്മൂലം കുറെ വേലക്കാൎക്ക ജോലിയും ആയുധനിൎമ്മാണം കുത്തകയാക്കിവെച്ചുകൊണ്ടിരിക്കുന്ന മുതലാളികൾക്ക ഷെയറിന്ന് അധികരിച്ച വിലയും കിട്ടുന്നതുകൊണ്ടു സാമ്പത്തികാധഃപതനത്തിൽനിന്നു തല്ക്കാലം ഒന്നു തല പൊന്തിക്കുവാൻ ജൎമ്മനിക്കു സാധിച്ചുവെന്നു ചില സാമ്പത്തികശാസ്ത്രജ്ഞന്മാർ പറയുന്നു. പക്ഷെ, ഈ ആയുധനിൎമ്മാണത്തിന്റെയും മററും അനന്തരഫലം എന്താണ്? മറെറാരു ലോകമഹായുദ്ധം; എന്നു വെച്ചാൽ, ലോകത്തിലെ ഓരോ രാജ്യങ്ങളിലെ മുതലാളിമാരുടെ ആഗ്രഹങ്ങളെ നിറവേററാൻ ഓരോ രാജ്യത്തിലേയും തൊഴിലാളികൾ മററു രാജ്യത്തിലെ തൊഴിലാളികളെ നശിപ്പിക്കുകയെന്നൎത്ഥം. യൂറോപ്യൻ രാജ്യങ്ങളെ സംബന്ധിച്ച പറയുകയാണെങ്കിൽ, ഈ ദേശീയവാദം തീരെ പ്രതിലോമപരമായിത്തീൎന്നിരിക്കുന്നു. ലോകത്തിലെ തൊഴിലാളികൾക്കാണെങ്കിൽ രാജ്യമെന്നോ സ്വദേശമെന്നോ ഒരു പ്രത്യേകതയില്ല. പ്രത്യേക താല്പൎയ്യക്കാരുടെ താല്പൎയ്യങ്ങളെ അടിസ്ഥാനപ്പെടുത്തിമാത്രമാണ് ഇന്നത്തെ യൂറോപ്പു രാഷ്ട്രീയമായി വിഭജിക്കപ്പെട്ടിരിക്കുന്നത്. ആ രാഷ്ട്രീയവിഭാഗങ്ങളുടെ ചവുട്ടടിയിൽ കിടക്കുന്ന മററു വൻകരകളെ ഒന്നു പങ്കിട്ടെടുക്കുവാൻ മാത്രമാണു ഫാസിസം യുദ്ധത്തെ ഒരു കാൎയ്യപരിപാടിയായി അംഗീകരിച്ചിരിക്കുന്നതും.

ഫാസിസ്ററു സൎവ്വാധിപതികൾ രാജ്യത്തു ജനസംഖ്യ പോരെന്ന് ഒരിടത്തുനിന്നു മുറവിളികൂട്ടുന്നു. പ്രസവത്തോതു വൎദ്ധിപ്പിക്കുവാൻ പ്രലോഭനങ്ങളായി, സ്ത്രീകൾ അധികം പ്രസവിച്ചാൽ അധികം

ജീവിതസൗകര്യങ്ങളും അവർക്കു പ്രദാനം ചെയ്യുന്നു. മറ്റൊരിടത്തു രാജ്യത്തെ അധികരിച്ച ജനസംഖ്യ(?)യ്ക്കു താമസിക്കുവാൻ കോളനികൾ ആവശ്യപ്പെടുന്നു. ഈ ഉദ്ദേശത്തിന്നായി ഫാസിസ്റ്റ് ഇറ്റാലി സാധുവും സ്വാതന്ത്ര്യമായിരുന്ന അബിസീനിയയെ ബലാൽസംഗം ചെയ്തു. അബിസീനിയയിൽ എത്ര വളരെ ഇറ്റാലിക്കാർ കുടിയേറിപ്പാർത്താലും ഒരു കൊല്ലം ഇററലിയിലെ ജനവർദ്ധനയെ അഞ്ചു കൊല്ലം കൊണ്ടു അബിസീനിയയിൽ കുടിയേറിപ്പാർപ്പിക്കുവാൻ കഴികയില്ല. അതിനാൽ കോളനികൾ ആവശ്യപ്പെടുന്നതു വർദ്ധിച്ച ജനസംഖ്യകൊണ്ടല്ല. കോളനികളുടെ ആവശ്യം വർദ്ധിച്ച ജനസംഖ്യയുള്ള രാജ്യങ്ങൾക്കായിരുന്നുവെങ്കിൽ ഇന്നു കോളനികൾ അന്വേഷിച്ചു പുറപ്പെടേണ്ടവർ ഇന്ത്യക്കാരും ചൈനക്കാരുമത്രെ!

അടുത്തഖണ്ഡത്തിൽ സാമ്രാജ്യാധികാരത്തിന്റെയും അതിന്റെ ഏറ്റവും മൂർദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുന്ന ഫാസിസത്തിന്റെയും സാമ്പത്തികസ്വഭാവം ഒന്നു പരിശോധിച്ചുനോക്കാം.

(തുടരും.)

# ഒരമ്മ.

— എം. ബാലാദേവി.

അന്നത്തെ ആകാശം പതിവിലധികം കാറനിറഞ്ഞും ഇരുളടഞ്ഞുമിരുന്നുവെങ്കിലും, അന്നും പതിവുപോലെ ഞാൻ സന്ധ്യക്കു മാവിൻതോപ്പിലേക്കു നടക്കാൻ പുറപ്പെട്ടു. വീട്ടിൽനിന്നു് ഏകദേശം അര ഫല്ലോങ്ങു് ദൂരെയായിരുന്നു ഞങ്ങളുടെ മാവിൻതോട്ടം. അങ്ങോട്ടു പോകുവാനുള്ള വഴി, അങ്ങിങ്ങായി ഓരോ കുററിക്കാടുകളും ചെറുമരങ്ങളുമുള്ള ഒരു വെളിമ്പറമ്പിലൂടെയായിരുന്നു. ഞങ്ങളുടെ വീട്ടുവളപ്പിന്റെ കടമ്പ കടന്നു ഞാൻ നാലഞ്ചടി നടന്നിട്ടു ഉണ്ടായിരിക്കയുള്ളു; അപ്പോൾ അയൽവീട്ടുകാരുടെ കുളത്തിൽനിന്നു്, നനഞ്ഞ മുണ്ടുമാത്രം ചുററിയ ഒരു സ്ത്രീ, ഒരു പൊളിഞ്ഞ വേലി കവച്ചു ചാടി എന്റെ മുമ്പിലേക്കോടിവന്നു.

“നിങ്ങൾക്കമ്മയുണ്ടോ?” അല്പം ചിരിച്ചുകൊണ്ടാണെങ്കിലും പരുഷസ്വരത്തിൽ അവർ ചോദിച്ചു.

“ഉവ്വ്.”

“കഷ്ടം! എനിക്കമ്മയില്ലാതെ പോയല്ലോ!”

ദുഃഖാധിക്യത്താൽ അവളുടെ ഒച്ച നേർത്തുനേർത്തു വന്നു. അവളുടെ കണ്ണുകൾ പൈശാചികമായ മട്ടിൽ ഉരുട്ടിമിഴിച്ചുകൊണ്ടിരുന്നു.

“എന്താ, അമ്മ മരിച്ചുപോയിരിക്കും, അല്ലേ?” സഹതാപത്തോടും സ്വല്പം ഭയത്തോടുംകൂടി ഞാൻ ചോദിച്ചു.

“ഉവ്വ്, മരിച്ചുപോയി.” തെല്ലൊരു ദൃഢസ്വരത്തിൽ അവൾ തുടർന്നുപറഞ്ഞു—“ഞാൻ ഇന്നു കുളത്തില് എന്റെ കുട്ടിയെ കൊന്നിട്ടിട്ടാണ വരുന്നതു്. കുളിപ്പിക്കുകയായിരുന്നു; കയ്യിൽനിന്നു വഴുക്കി വെള്ളത്തിലേക്കു വീണു; എനിക്കു പിടിക്കുവാൻ പററിയില്ല. അപ്പോഴേക്കും അതു നിലയില്ലാത്തേടത്തേക്കു നീങ്ങിപ്പോയി.”

ഞാൻ അമ്പരപ്പോടുകൂടി ചോദിച്ചു, “അത്രക്ഷണം അപ്പോഴേക്കും മരിച്ചുപോയോ? വേഗം വെള്ളത്തിൽ ചാടിയെടുത്തെങ്കിൽ ജീവിച്ചുകിട്ടിയേനെ.”

അവളുടെ ദേഹമാസകലം വിറച്ചു. കണ്ണുകൾ ഒന്നുകൂടി തുറിച്ചുമിഴിച്ചു. "എനിക്കു നീന്താനറിയില്ല." അവളുടെ കണ്ണുകളിൽ നിന്നു ചോര ഇററവീഴുന്നുണ്ടോ എന്നു തോന്നി. "എൻെറ ജീവനെ കൊതിച്ചിട്ടു ഞാനെൻെറ കുട്ടിയെ കൊന്നു. കഷ്ടം! കഷ്ടം! എനിക്കൊരമ്മയില്ലാതെ പോയല്ലോ." അവളുടെ സ്വരം ഹൃദയവേദനകൊണ്ടു പരുപരുത്തിരുന്നു.

ഞാനവളുടെ ഉദ്ദേശം മനസ്സിലാക്കാമെന്നു വിചാരിച്ചു് ചോദിച്ചു, "അമ്മയുണ്ടെങ്കിൽ ഇപ്പോളെന്താണു് ഗുണം?"

എൻെറ ചോദ്യം കേട്ടതോടുകൂടി അവളുടെ ദേഹം മുഴുവനും ഏതാണ്ടു വിറങ്ങലിച്ചപോലെയായി.

"അമ്മമാരെന്തിനാണു്, പിന്നെ? മക്കളെ കൊന്നുതിന്നാനല്ലാതെ?" അവൾ വേദനാജനകവും കോമളമയവുമായ സ്വരത്തിൽ ഇങ്ങിനെ ചോദിച്ചുകൊണ്ടു് പൊട്ടിച്ചിരിച്ചു. പൊടുന്നനെ ഒരുതരം പിശാചിൻേറതായ ഭാവവിശേഷത്തോടുകൂടി അവൾ അവളുടെ കൈത്തണ്ടയുടെ ഒരുഭാഗം മുഴുവൻ വായിലേയ്ക്കാക്കി.

"അയ്യോ! ഈശ്വരാ! എന്താണിതു്?" പെട്ടെന്നു ഞാൻ ഉറക്കെ പറഞ്ഞുപോയി. അവളുടെ കണ്ണുകൾ വല്ലാത്ത വികൃതദൃഷ്ടിയോടുകൂടി എൻെറ മുഖത്തേയ്ക്കു പതിഞ്ഞു. അവളുടെ ഈറൻതലമുടികൊണ്ടു് അവൾ കഴുത്തിൽ രണ്ടുമൂന്നു ചുററുചുററി അതിൻെറ തുമ്പു് പിടിച്ചു് ശക്തിയിൽ വലിയ്ക്കാൻ തുടങ്ങി. "കഷ്ടം, എനിക്കൊരമ്മയുണ്ടെങ്കിൽ!" അവൾ ഉറക്കെ അലറിക്കൊണ്ടു് ആ വേലി കവച്ചുചാടി എങ്ങോട്ടോ ഓടിപ്പോയി.

* * * * *

അന്നത്തെ സന്ധ്യയ്ക്കു് ആകമാനം ഒരു വിളർപ്പു ബാധിച്ചിരുന്നപോലെയാണു് എനിക്കു തോന്നിയതു്. ഞാൻ ചിന്താഗ്രസ്തയായി ആ മാവിൻതോപ്പിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പെട്ടെന്നു് ചറപിറന്നനെ അഞ്ചാറു് ഊക്കൻ വെള്ളത്തുള്ളികൾ വർഷിച്ചുകൊണ്ടു ശക്തിയായി ഒരു കാററുവീശി. അതോടുകൂടി അഞ്ചാറു മാമ്പഴങ്ങളും അവിടവിടെയായി ഉതിർന്നുവീണു. ഞാൻ ഓടിച്ചെന്നു് അവയെ ഓരോന്നായി പെറുക്കിയെടുക്കുവാൻ തുടങ്ങുമ്പോഴേയ്ക്കും, "രാധെ, രാധെ" ആരോ ഉറക്കെ വിളിക്കുന്നതുകേട്ടു. അതു് അമ്മയുടെ വിളിയായിരുന്നു. ഞാൻ സ്വല്പം പരിഭ്രമിച്ചുകൊണ്ടു നാലുപാടും നോക്കി. ചുററുപാടും ഇരുട്ടും,

ആകാശത്തിൽ അവിടവിടെയായി പ്രകാശിക്കുന്ന നക്ഷത്രങ്ങളും മാത്രമുണ്ടായിരുന്നു.

"രാധേ, രാധേ" വീണ്ടും അമ്മ വളരെ ധൃതിയായി വിളിക്കുന്നതു കേട്ടു. ഞാൻ വല്ലാത്ത ആശങ്കയ്ക്കും ഭയത്തിന്നും വശംവദയായി, ദേഹത്തിൽ മുട്ടിയിരുന്ന മരച്ചില്ലകളേയോ, കാലുകളിൽ തടഞ്ഞിരുന്ന മുള്ള്, ചമ്മല മുതലായവയേയൊ വകവെക്കാതെ ആവുന്നതും വേഗത്തിൽ വീട്ടിലേക്കു നടന്നു.

പെട്ടെന്നു ഞാൻ അറിയാതെതന്നെ എൻെറ ഹൃദയത്തിൽനിന്നും ഒരു നിലവിളി പുറപ്പെട്ടു. ആടികൊണ്ടിരുന്ന എന്തോ ഒന്ന് എൻെറ ദേഹത്തിൽ മുട്ടി—അല്പം വെളുത്തു, നീളത്തിലുള്ള എന്തോ ഒന്ന്.

ഭയാധിക്യത്താൽ അത്യധികം ഉറക്കെ എൻെറ വായിൽനിന്ന് ഒരു ശബ്ദം പുറപ്പെട്ടു. എൻെറ കണ്ണുകൾ മഞ്ഞളിച്ചു. തല കറങ്ങി ഞാൻ താഴെ വീണു.

* * * * *

"രാധേ," പിറെറന്നാൾ പ്രഭാതമായപ്പോൾ അമ്മ എന്നെ വിളിച്ചു. ഞാൻ കണ്ണു തുറന്നു. അയൽവക്കത്തെ സ്ത്രീകളെല്ലാം അവിടെ ഒന്നിച്ചുകൂടിയിരുന്നു. തലേന്നാളത്തെ ഭ്രാന്തത്തിതന്നെയായിരുന്നു അവരുടെ സംഭാഷണവിഷയം.

അവൾ ഭ്രാന്തത്തിയായിരുന്നു എന്ന് അവരിൽ പലരും വാദിച്ചു. ചിലർ അല്ലെന്നും ഭ്രാന്തില്ലാതെ അവളെ രണ്ടു ദിവസം മുമ്പുകൂടി തങ്ങൾ കണ്ടതാണെന്നും തർക്കിച്ചു.

അമ്മ ചോദിച്ചു:—"രാധേ, നീ അതു കണ്ടിട്ടാണോ പേടിച്ചത്?"

അമ്മയുടെ ചോദ്യത്തിന് "അതേ" എന്നു മാത്രം മറുപടി പറഞ്ഞു ഞാൻ ആ സ്ത്രീകളുടെ സംഭാഷണത്തിൽ ശ്രദ്ധിച്ചുകൊണ്ടു പറഞ്ഞു:—"ഉവ്വ് ജീവനുണ്ടായിരുന്നു. ഇന്നലെ എൻെറ ദേഹത്തിൽ മുട്ടുമ്പോൾ കൂടി അവൾ കിടന്നുപിടഞ്ഞിരുന്നു. ഞാൻ അപ്പോൾ ബോധംകെട്ടു വീണില്ലെങ്കിൽ തീർച്ചയായും അവളെ രക്ഷിക്കുവാൻ കഴിയുമായിരുന്നു."

ആ സ്ത്രീകളുടെ ശ്രദ്ധ മുഴുവനും എൻെറ നേക്കു തിരിഞ്ഞു. അവരെല്ലാവരുംകൂടി എൻെറ നാലുപുറവും വളഞ്ഞു. ആരുടെയെന്നറിഞ്ഞുകൂടാ, ഒരു നേരിയ സ്വരം ഇങ്ങിനെ പറയുന്നതു കേട്ടു—"കഷ്ടം, നിങ്ങൾ അവളെ കൊന്നു."

# പുതിയ ശാകുന്തളങ്ങൾ.

ആററർ- വള്ളത്തോൾ ശാകുന്തളങ്ങളെപ്പററി

ഒരു വിചിന്തനം.

—കെ. വി. എം.

൪

അറിവേൻ തപോബലം ഞാൻ
പരവതിയാണപ്പൂതലെന്നുമറിയാം മേ
പരമെങ്കിലുമാളല്ലീ
കരളവിടന്നൊന്നു പിന്തിരിച്ചീടാൻ.

(ആററർ)

അറിയാം തപോബലം മേ,
പരവതിയക്കൊച്ചു മങ്കയെന്നതു മേ;
എങ്കിലുമിവനാളല്ലീ-
യെൻകരളിനെയവളിൽനിന്നു പിന്മാററാൻ.

(വള്ളത്തോൾ)

കാമയമാനാവസ്ഥനായ രാജാവിന്റെ വിചാരമായ ഈ പദ്യത്തിൽ ആററർ മൂലത്തിലെ ശബ്ദഗുണവും അർത്ഥസൌന്ദര്യവും ഭാവപുഷ്ടിയും അന്യൂനമായി വരുത്തിട്ടുണ്ട്. 'പൈതലി'നു മൂലത്തിലെ 'ബാല'യെക്കാൾ കുറച്ചധികം ഇളംപ്രായം തോന്നുമോ എന്നു മാത്രമേ സംശയമുള്ളു. വള്ളത്തോളിന്റെ ശ്ലോകത്തിലാകട്ടെ വല്ലാതെ അസ്വാരസങ്ങൾ തോന്നുന്നു. ഒന്നാംപാദംകൊണ്ടും രണ്ടാം പാദംകൊണ്ടും പറഞ്ഞ രണ്ടു വാക്യങ്ങളിലും മൂലകാരൻ വേറെ വേറെ ക്രിയാപദം പ്രയോഗിച്ചിട്ടുണ്ട്. വള്ളത്തോൾ അങ്ങനെ ചെയ്തിട്ടില്ല. രണ്ടു ക്രിയകളുടേയും അർത്ഥം ഒന്നുതന്നെയാകയാലായിരിക്കാം അദ്ദേഹം ക്രിയയെ ആവർത്തിക്കാഞ്ഞതു്. പക്ഷെ അർത്ഥവിചാരം ചെയ്യുമ്പോൾ ക്രിയയുടെ ആവൃത്തിക്കു് വലിയ പ്രയോജനമുണ്ടെന്നു ബോധപ്പെടും. ഈ രണ്ടു വാക്യങ്ങളെക്കൊണ്ടു രാജാവു് ശകുന്തളാപ്രാപ്തിക്കുള്ള രണ്ടു മാർഗ്ഗ

ങ്ങളെ ചിന്തിക്കുകയാണ് ചെയ്യുന്നതു്. ഒന്നുകിൽ ഗുരുജനങ്ങളുടെ ഹിതം നോക്കാതെ താൻ കന്യകയെ കൊണ്ടുപോവുക. അല്ലെങ്കിൽ കന്യക സ്വമനസ്സാലെ തന്റെ കൂടെ വരിക എന്നിവയാണു രണ്ടു മാൎഗ്ഗങ്ങൾ. ഈ മാൎഗ്ഗങ്ങളെ ഉള്ളിൽവെച്ചു് അവയിലുള്ള വൈഷമ്യങ്ങളെ കാണിക്കുകയാണ് ഇവിടെ രണ്ടു വാക്യങ്ങളെക്കൊണ്ടു ചെയ്യുന്നതു്. രണ്ടു മാൎഗ്ഗങ്ങളും വേറെ വേറെ ചിന്തിക്കുന്നു; രണ്ടിലുമുള്ള വൈഷമ്യങ്ങൾ വേറെ വേറെ അറിയുകയും ചെയ്യുന്നു. ഇങ്ങനെയാണ് ഈദൃശവിഷയങ്ങളിലുള്ള ചിന്തനസ്വഭാവവും. ആയതിനാൽ ഇവിടെ ക്രിയയുടെ അനാവൃത്തി അൎത്ഥത്തിനു ലാഘവം വരുത്തിയിരിക്കുന്നു. ഉത്തരാൎദ്ധത്തിൽ "ഇവൻ എങ്കലിനെ പിന്മാററാൻ അല്ലല്ല" എന്നാണല്ലോ വാക്യയോജന. 'ഇവൻ' എന്ന വിവേചകസൎവ്വനാമത്തിന്റെ അനുപ്രയോഗത്തിനു് 'എൻ' എന്ന ഉത്തമസൎവ്വനാമം പ്രയോഗിച്ചതു വൈയാകരണന്മാർ സമ്മതിക്കുമോ എന്നും സംശയമാണു്. ഈ വാക്യത്തിലുള്ള 'ഇവൻ', 'എൻ' എന്നീ രണ്ടു സൎവ്വനാമങ്ങൾ ഒരേ വ്യക്തിയെയാണു കുറിക്കുന്നതെന്നു സാമാന്യക്കാരാരും ധരിക്കുമെന്നും തോന്നുന്നില്ല. "അവളിൽനിന്നു പിന്മാററാൻ" എന്നതിനു "തപസ്വിയും ശകുന്തളയുടെ ഗുരുവുമായ കണ്വൻ തിരിച്ചുവരുന്നതുവരെ അടക്കി നിൎത്തുവാൻ" എന്നിങ്ങിനെ നല്ല നേരമ്പോക്കുകളുള്ള ഭാവാൎത്ഥം പറഞ്ഞ കുട്ടികൃഷ്ണമാരാരുടെ 'പ്രിയംവദ' ഈ സൎവ്വനാമങ്ങളുടെ പ്രയോഗസ്വാരസ്യത്തെക്കുറിച്ചു മൌനമവലംബിച്ചതു് എന്തുകൊണ്ടാണെന്നു മനസ്സിലായില്ല.

കഴിവുണ്ടിഹ മാലിനീതരംഗ-
ത്തരി ചേൎന്നും നവപത്മഗന്ധമാൎന്നും
മൃദുവായ് വരുന്നതംഗജത്തീ-
യെരിയും മെയ്യിലണച്ചു പൂണ്ടുകൊൾവാൻ.

(ആശാൻ)

മതിയാവോളം പുണരാം
മലരമ്പച്ചൂടിയന്ന ഗാത്രത്താൽ
മാലിനിയലവീചികളിലി-
മേറ്റലർ മണവും കലൎന്ന തെന്നലിനെ,

(വള്ളത്തോൾ)

ഇവയിൽ വള്ളത്തോളിന്റെ ശ്ലോകത്തെ "മൂലശ്ലോകവുമായി തട്ടിച്ചു നോക്കുന്നവർക്കു, മൂലത്തിനും തർജ്ജിമയ്ക്കും തമ്മിൽ ഭാഷയിലല്ലാതെ മറ്റൊന്നിലും ഒരു ഭേദം കണ്ടുപിടിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല: ശബ്ദഭംഗികൊണ്ടും, അർത്ഥപുഷ്ടികൊണ്ടും മാത്രമല്ല, വൃത്തപ്പൊരുത്തം കൊണ്ടുകൂടി തർജ്ജിമയ്ക്കു മൂലത്തിന്റെ സജാതീയത സിദ്ധിച്ചിട്ടുണ്ട്" എന്ന് അവതാരികയിൽ വിദ്വാൻ സി. എസ്സ്. നായർ പറയുന്നു. 'വൃത്തപ്പൊരുത്ത'ത്തെസ്സംബന്ധിച്ചേടത്തോളം ഞങ്ങൾക്കും അഭിപ്രായഭേദമുണ്ടാകയില്ല; പക്ഷേ, വിവാഹത്തിൽ വധുവിനും വരനും തമ്മിൽ രാശിപ്പൊരുത്തം—ഗണപ്പൊരുത്തം മുതലായവ നോക്കുന്നതുപോലെ, വിവർത്തനത്തിൽ മൂലശ്ലോകത്തിനും തർജ്ജിമശ്ലോകത്തിനും തമ്മിൽ 'വൃത്തപ്പൊരുത്തം' അത്ര കാര്യമായി നോക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ശബ്ദഭംഗികൊണ്ടും അർത്ഥപുഷ്ടികൊണ്ടുമാകട്ടെ മൂലത്തിനും തർജ്ജിമയ്ക്കും തമ്മിൽ മഹത്തായ അന്തരമുണ്ട്. തർജ്ജിമയിൽ ഭംഗിയുള്ള ശബ്ദങ്ങൾ അന്തർഭവിക്കായ്കയില്ല; പക്ഷേ, 'മലരമ്പച്ചൂട്', എന്ന 'പരുക്കൻ' പ്രയോഗം അവയുടെ ഭംഗിയെ കെടുത്തുകളഞ്ഞിരിക്കുന്നു. മലരമ്പൻ, ചൂട് ഈ പദങ്ങൾക്ക് ഒറ്റയ്ക്കു നില്ക്കുമ്പോൾ ഭംഗിക്കേടൊന്നുമില്ല; രണ്ടുംകൂടി ചേർത്തു സമാസിച്ചപ്പോൾ ശ്രവണസുഖം തീരെ ഇല്ലാതായിരിക്കുന്നു. അർത്ഥത്തിലും പല വൈകല്യങ്ങൾ തോന്നുന്നുണ്ട്. 'അവിരള'മെന്ന ക്രിയാവിശേഷണത്തിനു 'മതിയാവോള'മെന്നല്ല അർത്ഥം; ഗാഢമാകുമാറ് അല്ലെങ്കിൽ മുറുകെ എന്നാണ്. 'അംഗൈഃ' എന്നതിന് അവയവങ്ങളെക്കൊണ്ടെന്നാണ 'ഗാത്രത്താൽ' എന്നല്ല അർത്ഥം. 'അനംഗതപ്തൈഃ' എന്നതിലെ 'അനംഗ'നെ 'മലരമ്പ'നാക്കിയതുകൊണ്ട് ഔചിത്യത്തിനുള്ള കുറവു സ്പഷ്ടം. അനംഗപദത്തിന് അംഗമില്ലാത്തവനെന്നാണല്ലോ അവയവാർത്ഥം. അംഗമില്ലാത്തവൻ ഉള്ളിൽ മറഞ്ഞിരുന്ന് അംഗങ്ങളെ തപിക്കുന്നതിനാൽ മൂലത്തിൽ താപനത്തിനു തോന്നുന്ന സൌകര്യാധിക്യം തർജ്ജിമയിൽ തോന്നുന്നില്ല. 'തപ്തൈഃ' എന്ന ക്രിയാപ്രധാനമായ വിശേഷണത്തെ 'ചൂടിയന്ന' എന്നു ഭാവപ്രധാനമായി മാറ്റിയതുകൊണ്ട് ആ സൌകര്യാധിക്യം പക്ഷേ തർജ്ജിമയിൽ തോന്നേണ്ടതുമില്ലായിരിക്കാം. "കണവാഹീ മാലിനീതരംഗാണാം" എന്ന വായുവിന്റെ വിശേഷണത്തിനു മാലിനിയിലെ തിരകളുടെ തരികൾ ചുമന്നുവരുന്നതെന്നാണർത്ഥം. ഈ വിശേഷണംകൊണ്ടു വായുവിനു ശൈത്യവും മാന്ദ്യവും വ്യഞ്ജിക്കണം. "മാലിനിയലെ

നീർത്തുള്ളി" കലർന്നുകൊണ്ട് ഈ ഗുണങ്ങൾ വ്യഞ്ജിക്കുകയില്ല. "മാലിനിയലനീർത്തുള്ളി" എന്ന വലിയ സമസ്തപദത്തിൽ ഒരു നീർത്തുള്ളിയല്ലേ ഉള്ളൂ. ആ തുള്ളി തകർന്നാൽ കുറെ തരികളായി മാറാം. ആ തരികളെയാണ് വായു വഹിക്കുന്നത്. അതിലഘുക്കളായ ആ തരികളെ ചുമക്കുന്നതായി (വാഹീ) പറകയാലാണ് വായുവിനു മാന്ദ്യം തോന്നുന്നത്. മൂലശ്ലോകത്തിലെ അർത്ഥപുഷ്ടി തർജ്ജിമയിൽ വന്നിട്ടില്ലെന്ന് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ആറ്റൂരിന്റെ പദ്യത്തിലും അർത്ഥവൈകല്യങ്ങൾ വളരെയുണ്ട്. "മാലിനീതരംഗതരി" എന്നതിൽ 'തരി'ക്കു ബഹുത്വം വന്നിട്ടില്ല. "നവപത്മഗന്ധം" ഇതിൽ പത്മത്തിനുള്ള നവത്വം മൂലത്തിലില്ല. "കണവാഹി" എന്ന വിശേഷണത്തിൽ നിന്നു ധ്വനിക്കുന്നതായ മാന്ദ്യത്തെ 'മൃദു' എന്ന വിശേഷണംകൊണ്ടു വാച്യമാക്കിയിരിക്കുന്നു. "അനംഗതപ്തൈഃ" എന്ന അംഗവിശേഷണത്തിന് "അംഗജത്തീയെരിയു"ന്നതെന്നർത്ഥമില്ല; കാമനാൽ തപിക്കപ്പെട്ടതെന്നേ അർത്ഥമുള്ളൂ. തീയെരിയുന്ന മെയ്യിൽ 'തരംഗതരി' ചേർന്ന കാറ്റു തട്ടിയാൽ തപ്തമായ മെയ്യിൽ തട്ടിയാലുള്ള സുഖം കിട്ടുമെന്നും തോന്നുന്നില്ല.

മുന്നോട്ടുയർന്നുകൊണ്ടും
പിന്നിൽ ശ്രോണീഭരത്തിനാൽ താണും
വെണ്മണൽമയമാമിതിനുടെ
മുമ്പിൽ കാണുന്നു പുതിയ കാലടികൾ.

(ആറ്റൂർ)

മുന്നിൽപ്പൊക്കമിയന്നും
പിന്നിൽ ശ്രോണീഭരത്തിനാൽ താഴ്ന്നും
കാണാകുന്നുണ്ടൊരു പുതു-
കാലടിവരിയിപ്പടിക്കൽ വെണ്മണലിൽ.

(വള്ളത്തോൾ)

ശകുന്തള ലതാമണ്ഡപത്തിലുണ്ടായിരിക്കുമെന്നു കാലടിപ്പാടുകൾ കണ്ടു ദുഷ്യന്തൻ ഊഹിക്കുകയാണ് ഈ ശ്ലോകംകൊണ്ടു ചെയ്യുന്നത്. ഇതിൽ രണ്ടുപേരുടേയും തർജ്ജിമകൾക്ക് ഏറെക്കുറെ സാമ്യം കാണുന്നുണ്ട്. രണ്ടു ശ്ലോകങ്ങളും ഒരുവിധം മനസ്സിൽ പതിയുന്നവയായിട്ടുമുണ്ട്. എങ്കിലും ഒരു സംശയം തോന്നുന്നതു മറച്ചുവെക്കുന്നില്ല. "അവ

ഗാഢാജഘനഗൌരവാൽ പശ്ചാൽ" എന്നതിനെ "പിന്നിൽ ശ്രോണീഭരത്തിനാൽ താണും (താഴ്ന്നും)" എന്നാണല്ലോ രണ്ടുപേരും തർജ്ജിമ ചെയ്തിരിക്കുന്നതു്. ജഘനവും ശ്രോണിയും ഒന്നാണോ? ജഘനം സ്ത്രീകളുടെ അരക്കെട്ടിന്റെ മുൻഭാഗമല്ലേ? ശ്രോണി മുൻഭാഗമെന്നും പിൻഭാഗമെന്നും വ്യത്യാസം കൂടാതെ അരക്കെട്ടിനെ (കടിയെ) സാമാന്യമായിപ്പറയുന്ന പദമല്ലേ? ശ്രോണിയിൽ ജഘനം ഉൾപ്പെടുന്നതല്ലാതെ ജഘനം ശ്രോണിയാകുന്നതെങ്ങനെ? കാളിദാസൻ യാതൊരു സംശയത്തിനും ഇടയില്ലാതെ "ജഘന" പദമാണല്ലോ പ്രയോഗിച്ചിരിക്കുന്നതു്. 'പദപംക്തി'യുടെ പിൻഭാഗം താഴാതിരിക്കുന്നതിനു ഹേതു അരക്കെട്ടിന്റെ മുൻഭാഗത്തിനുള്ള ഗുരുത്വമാണെന്നു രാജാവു വിചാരിക്കുന്നു; അരയുടെ പിൻഭാഗത്തിന്റെ ഗുരുത്വംകൂടിയുണ്ടായാലേ അടിയുടെ പിൻഭാഗം താഴുകയുള്ളു എന്നു പരിഭാഷകന്മാർ കരുതിയിരിക്കാം. "താഴ്ചക്കു കാരണമായി നിതംബഭാരം ഊഹിക്കപ്പെടുന്നു" എന്നു കുട്ടികൃഷ്ണമാരാർ വ്യാഖ്യാനിച്ചിട്ടുമുണ്ടു്. "സ്നിഗ്ദ്ധം വീക്ഷിതം" എന്ന ശ്ലോകത്തിലെ "നിതംബയോർഗ്ഗുരുതയാ" എന്നതിനും "ശ്രോണീഭരാൽ" എന്നുതന്നെയാണു് ഇവരിരുവരും തർജ്ജിമ ചെയ്തുകാണുന്നതു്. അവിടെയും "നിതംബ (ശ്രോണി) ഭാരം മൂലം" എന്നു വ്യാഖ്യാനിച്ചിട്ടുണ്ടു്. അവിടത്തെ 'ശ്രോണീഭര'വും ഇവിടത്തെ 'ശ്രോണീഭര'വും ഒന്നുതന്നെയാണെന്നു് ഇവർ വിചാരിക്കുന്നതുപോലെ തോന്നുന്നു. എന്നാൽ അവിടെ "നിതംബയോഃ" എന്നു ദ്വിവചനം പ്രയോഗിച്ച മൂലകവിയുടെ വിവക്ഷ ഇങ്ങനെയല്ലെന്നാണു തോന്നുന്നതു്. മദനക്ലിഷ്ടനായി പ്രിയാദർശനം കാംക്ഷിച്ചുകൊണ്ടിരിക്കുന്ന രാജാവു മണലിൽ പതിഞ്ഞ കാലടികളുടെ സന്നിവേശഭംഗി കണ്ടു പ്രിയയുടെ അംഗലാവണ്യത്തെ സ്മരിച്ചു മനസ്സിനെ വിനോദിപ്പിക്കുന്ന ഈ സന്ദർഭത്തിലും കവിയുടെ വിവക്ഷ പരിഭാഷകന്മാർ വിചാരിച്ചതുപോലെയാണോ എന്നു സംശയമാണു്. ഒരു മഹാപണ്ഡിതനും ഒരു മഹാകവിയും ഒരു സാഹിത്യശിരോമണിയുംകൂടി യോജിച്ചു് ഒരേവിധത്തിൽ 'ജഘന'ത്തെ 'ശ്രോണി'യെന്നു പറഞ്ഞാൽ അതു വിശ്വസിക്കയല്ലേ നിവൃത്തിയുള്ളു! "ഒന്നൊന്നാളല്ലിപ്പോൾ വന്നുകണ്ടവരെല്ലാമൊന്നുപോലുരചെയ്യാൽ വിശ്വസിക്കയേയുള്ളു."

൪. ഗർഭസന്ധി.

നാലാമങ്കം ആദ്യം മുതൽക്കു് അഞ്ചാമങ്കത്തിൽ ദുഷ്യന്തന്റെ

മുമ്പിൽവച്ച് ഗൌതമി ശകുന്തളയുടെ മൂടുപടം നീക്കുന്നതുവരെയുള്ള ഭാഗമാണു ഗർഭസന്ധി. പതാക എന്ന അർത്ഥപ്രകൃതിയും പ്രാപ്ത്യാശ എന്ന കാര്യാവസ്ഥയുമാണ് ഈ സന്ധിയുടെ ഘടകങ്ങൾ. പതാക എന്നതു പ്രാസംഗികമായിട്ടുള്ള കഥാന്തരമത്രേ. ഇതു് അനിയതമാണെന്നും എല്ലാ നാടകങ്ങളിലും പതാക കൂടിയേ കഴിയൂ എന്നില്ലെന്നും ചിലർക്കഭിപ്രായമുണ്ടു്. പ്രാപ്ത്യാശയാകട്ടെ നിയതമാണ്. അഭിലഷിതമായ അർത്ഥത്തിന്റെ പ്രാപ്തിയെക്കുറിച്ചുള്ള ആശയാണ് പ്രാപ്ത്യാശ. പ്രകൃതത്തിൽ അതു ശകുന്തളയാകുന്ന അഭിലഷിതാർത്ഥത്തിന്റെ പ്രാപ്തിയെക്കുറിച്ചുള്ള ആശതന്നെ. അഭിലഷിതാർത്ഥത്തിന്റെ പ്രാപ്തിയും കാരണവശാലുള്ള അപ്രാപ്തിയും പുനരന്വേഷണവും പ്രാപ്ത്യാശയിൽ അന്തർഭവിക്കുന്നു. ശകുന്തളയുടെ പ്രാപ്തി പൂർവ്വസന്ധിയിൽത്തന്നെ ഉപക്ഷിപ്തമായിട്ടുണ്ടു്. അപ്രാപ്തിക്കു കാരണം ദുർവ്വാസസ്സിന്റെ ശാപമാകുന്നു. ശാപാന്തരമുള്ള അനുഗ്രഹത്തിന്റെ പ്രസാദം അഭിജ്ഞാനദർശനദ്വാരാ പുനഃപ്രാപ്തിക്കും കാരണമാകുന്നു. ഉത്ഭിന്നാവസ്ഥയിലിരിക്കുന്ന ബീജം ഗർഭത്തിൽ സ്ഥിതിചെയ്തു വളർന്നുവന്നു പ്രാപ്തിയെക്കുറിച്ച് ആശ തോന്നത്തക്കവിധം പരിപുഷ്ടമായിച്ചമയുന്നതു് ഈ സന്ധിയിലാകുന്നു. പൂർവ്വസന്ധിയിൽ സംക്ഷിപ്തസംഭോഗശൃംഗാരദശയേയും കാര്യപ്രവാസവിപ്രലംഭാവസ്ഥയേയും പ്രാപിച്ചതായ രതിഭാവം ഈ സന്ധിയിൽ ദുർവ്വാസശ്ശാപത്താൽ ശാപവിപ്രലംഭദശയെ പ്രാപിക്കുന്നു.

"സംഭോഗേ കരുണേ വിപ്രലംഭേ ശാന്തേധികം ക്രമാൽ" എന്ന വചനത്താൽ സംഭോഗശൃംഗാരത്തിലേക്കാൾ വിപ്രലംഭത്തിൽ മാധുര്യഗുണം കൂടുതലായിരിക്കേണ്ടതാണ്. മാധുര്യമെന്നതു ഹൃദയദ്രവീഭാവരൂപമായ ആഹ്ലാദമാണ്. വിപ്രലംഭത്തിൽ സംഭോഗശൃംഗാരത്തിലേക്കാളധികം മനസ്സ് ആർദ്രമായിച്ചമയുന്നതിനാലാണു കൂടുതൽ മാധുര്യഗുണം ആവശ്യമായി വരുന്നതു്. "ശാകുന്തളേ ചതുർത്ഥാങ്കസ്തത്രശ്ലോകചതുഷ്ടയം" എന്നു പ്രശംസിക്കപ്പെടുന്ന നാലാമങ്കം ഈ ഗർഭസന്ധിയിലാണല്ലോ അന്തർഭവിച്ചിരിക്കുന്നതു്. നാലാമങ്കം മദ്ധ്യമണിന്യായേന പൂർവ്വോത്തരാങ്കങ്ങളെ ശോഭിപ്പിച്ചുകൊണ്ടിരിക്കുന്നതാകയാലും അത്യന്തം മാധുര്യഗുണമുള്ളതാകയാലുമാണ് അതിനു് ഇത്ര മേന്മ വന്നതു്. മാധുര്യഗുണത്തെ വ്യഞ്ജിപ്പിക്കുന്ന വർണ്ണങ്ങളോടുകൂടിയതായും സമാസമില്ലാതെയോ ഉണ്ടെങ്കിൽത്തന്നെ ചെറിയ സമാസങ്ങൾ മാത്ര

മായാ ഇരിക്കുന്നതായുമുള്ള ലളിതമായ രചനയാണ് കാളിദാസരുടെ കേളികേട്ട വൈദർഭീരീതി. മധുവിലെന്നപോലെ വൈദർഭീരീതിയിലും മാധുര്യം അഭേദ്യമയവിധം ചേൎന്നിരിക്കുന്നു. ഈ മാധുര്യഗുണത്തെ സ്സംബന്ധിച്ചേടത്തോളം ആററൂർപ്പരിഭാഷ വള്ളത്തോൾതൎജ്ജമയേക്കാൾ ചില സ്ഥലങ്ങളിൽ ഭേദമാണെന്ന് രണ്ടിലേയും ഗർഭസന്ധിയെ അവധാനപൂൎവ്വം അനുസന്ധാനം ചെയ്തതിൽ എനിക്കു തോന്നുന്നു. ആററൂർ തൎജ്ജിമ മലയാളരീതിക്ക് അധികം യോജിച്ചിരിക്കുന്നു; വള്ളത്തോൾതൎജ്ജിമയിൽ "ഋഷിമാരാൽ വിടനല്കപ്പെട്ട ആ രാജൎഷി" (ഋഷിമാർ വിടനല്കിയ ആ രാജൎഷി) "ചിത്രത്തിലെഴുതപ്പെട്ടവൾപോലിരിക്കുന്നു" (ചിത്രത്തിലെഴുതിയതുപോലിരിക്കുന്നു) എന്നു തുടങ്ങി മലയാളരീതിക്കു യോജിക്കാത്ത പ്രയോഗങ്ങൾ ധാരാളമാണ്. ആററൂരിന്റേതിൽ യതിഭംഗം കുറയും; വള്ളത്തോളിന്റേതിൽ "നല്ലോരുത്സവമാക്കു നിങ്ങടെ കടി—ഞ്ഞിൽപ്പൂപ്പിറപ്പേ,കുകി" എന്നു തുടങ്ങിയ യതിഭംഗങ്ങൾ സുലഭം. ആററൂരിന്റേതിൽ ദുഃശ്രവപദങ്ങൾ ചുരുങ്ങും; വള്ളത്തോളിന്റേതിലാകട്ടേ "പദ്മപ്പുല്പ്പ്", "കടിഞ്ഞിൽപ്പൂപ്പിറപ്പ്" എന്നാദിയായി ദുഃശ്രവങ്ങളായ പദങ്ങൾ ധാരാളം.

എന്നാൽ, അൎത്ഥത്തെസ്സംബന്ധിച്ചേടത്തോളം ആററൂർതൎജ്ജിമയിൽ വളരെ വൈകല്യങ്ങൾ കാണുന്നുണ്ട്. ശ്ലോകങ്ങളിൽ അൎത്ഥവൈകല്യങ്ങൾ അധികമില്ല. ഉള്ളവതന്നെ രചനാഗുണംനിമിത്തം അത്ര ശോഭിക്കാതെ പോകുന്നവയുമാണ്. ചൂൎണ്ണികകളിലാകട്ടെ അവ സുലഭവും അത്യന്തം പ്രകടവുമായി കാണുന്നുണ്ട്. (1) നാലാമങ്കം തുടങ്ങുന്നതിനു മുമ്പുള്ള പ്രവേശകത്തിൽ, ദുഷ്യന്തൻ രാജധാനിയിലേക്കു പോയതിൽപ്പിന്നെ ശകുന്തളയെ സ്മരിക്കുന്നുണ്ടോ ആവോ എന്നു ശങ്കിക്കുന്ന അനസൂയയോടു പ്രിയംവദ പറയുന്നു, "സഖി! സമാധാനമായിരിക്കു. ആ മാതിരി ആളുകൾക്കു ഗുണമില്ലാതെ വരില്ല" എന്ന്. "വിസ്രബ്ധാഭവ തതാദൃശാ ആകൃതി വിശേഷാഗുണ വിരോധിനോ ഭവന്തി" എന്ന മൂലത്തിന്റെ തൎജ്ജിമയാണിതു്. ആകൃതിവിശേഷമുള്ള ആളുകളെ ആകൃതിവിശേഷങ്ങളെന്നുതന്നെ അഭേദോപചാരം ചെയ്തു കാളിദാസർ നിബന്ധിച്ചതു് "ആ മാതിരി ആളുകൾ" (താദൃശാജനാഃ) എന്നു പറയുവാൻ കഴിവില്ലാഞ്ഞിട്ടായിരിക്കയില്ല. ആകൃതി കണ്ടിട്ടുള്ള പരിചയം മാത്രമേ പ്രിയംവദക്കുള്ളു. ആകൃതിഗുണംകൊണ്ടു പ്രകൃതിഗുണം

ഊഹിക്കുകയാണിവിടെ ചെയ്യുന്നതു്. തർജ്ജിമയിൽ ഈ ഊഹത്തിനുള്ള വഴി അടഞ്ഞിരിക്കുന്നു. (2) പ്രിയംവദ ദുർവ്വാസസ്സിനെ അനുഗമിക്കാൻ പോയതിനു ശേഷം രംഗത്തിൽ ഏകാകിനിയായിത്തീർന്ന അനസൂയ കാലിടറിയതായി നടിച്ചു് "അയ്യോ! പരിഭ്രമംകൊണ്ടു കാലിടറിപ്പൂക്കുട കയ്യിൽനിന്നു വീണുപോയി" എന്നു പറഞ്ഞു പൂവു പെറുക്കി പാത്രത്തിലിടുന്നുണ്ടല്ലോ. "പ്രിയംവദ വരുന്നതുവരെ രംഗത്തിൽ അനസൂയയ്ക്കു് ഒരു പ്രവൃത്തിയുണ്ടാകുവാനായി കവി കാണിച്ച ഒരു സ്വാഭാവികസൂത്രമാണിതു്" എന്നു ടിപ്പണകാരൻ പറയുന്നു. മുമ്പു സൂത്രധാരനു് ഒരു ജോലിയുണ്ടാക്കിക്കൊടുത്ത ടിപ്പണകാരൻ ഇപ്പോൾ അനസൂയയ്ക്കും ഒരു പ്രവൃത്തിയുണ്ടാക്കിക്കൊടുത്തിരിക്കുന്നു. തൊഴിലില്ലായ്മയുടെ പരിഹാരത്തിൽ അദ്ദേഹത്തിനുള്ള താൽപര്യം അഭിനന്ദനീയമാണെങ്കിലും ഇവിടെ ഇതു് അസ്ഥാനത്തായില്ലേ എന്നു സംശയിക്കുന്നു. അനസൂയയുടെ തൽകാലത്തെ പരിഭ്രമം കാണിക്കുന്നതിനാണു കാലിടറുന്നതായും പൂക്കുട വീഴുന്നതായും പൂവു പെറുക്കുന്നതായും കവി നിബന്ധിച്ചിരിക്കുന്നതെന്നു് ഈ ചൂർണ്ണികയിലെ "പരിഭ്രമംകൊണ്ടു്" എന്ന ഹേതുകഥനംതന്നെ വ്യക്തമാക്കുന്നുണ്ടു്. ശകുന്തളയ്ക്കു ദുർവ്വാസസ്സിനെക്കുറിച്ചു തെറ്റുപറ്റിയതായറിഞ്ഞു് അനസൂയ അത്യന്തം പരിഭ്രാന്തയായിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. മൃദുഹൃദയയായ അനസൂയയുടെ പരിഭ്രമത്തെ മൃദുവായ വിധത്തിൽത്തന്നെ കാണിപ്പാൻ വേണ്ടിയാണു് കവി ഇതു നിബന്ധിച്ചതു്; അല്ലാതെ പ്രിയംവദ വരുന്നതുവരെ അനസൂയയ്ക്കൊരു തൊഴിലുണ്ടാകുവാൻ വേണ്ടിയല്ല. (3) സുപ്തോത്ഥിതനായ ശിഷ്യൻ പറയുന്ന "ചന്ദ്രൻ മറഞ്ഞളവു സൌഖ്യമണപ്പതില്ലെൻ കണ്ണിന്നു്" എന്ന ശ്ലോകം കഴിഞ്ഞിട്ടു് "(മറ്റൊരിടത്തു് അനസൂയ തിരനീക്കാതെ പ്രവേശിക്കുന്നു)" എന്നു് ആറ്റൂർതർജ്ജിമയിൽ കാണുന്നു. തിരനീക്കി പ്രവേശിക്കുന്നതായിട്ടാണു വള്ളത്തോൾതർജ്ജിമ. "പ്രവിശ്യാപടീക്ഷേപേണ" എന്നാണു മൂലം. അതിന്നു തിരനീക്കി പ്രവേശിച്ചിട്ടു് എന്നുതന്നെയാണർത്ഥം. (അപടീ=തിര) കഥാപാത്രം രംഗത്തിൽ പ്രവേശിക്കുന്നതു "തതഃ പ്രവിശതി സുപ്തോത്ഥിതഃ ശിഷ്യഃ" (അനന്തരം ഉറങ്ങിയെഴുന്നേറ്റ ശിഷ്യൻ പ്രവേശിക്കുന്നു) ഇത്യാദി രീതിയിൽ മുമ്പു സൂചിപ്പിച്ചിട്ടുവേണമെന്നാണു നിയമം. എന്നാൽ ഭയസംഭ്രമാദികളെ കാണിപ്പാൻ വേണ്ടി ചില ഘട്ടങ്ങളിൽ ഈ സൂചനകൂടാതെയും പ്രവേ

ശിക്കുക പതിവുണ്ട്. അങ്ങനെയുള്ള ഘട്ടങ്ങളിലാണു "പ്രവിശ്യാപടീക്ഷേപേണ" (തിരനീക്കി പ്രവേശിച്ച്) എന്നു നിർദ്ദേശിക്കാറുള്ളതു്. സാധാരണമായി പാത്രപ്രവേശത്തിൽ തിര നീക്കാറുള്ളതു് പ്രവേശിക്കുന്ന പാത്രമല്ല. പതിവുപ്രകാരം തിര നീക്കുന്നതുവരെ താമസിക്കാതെ താൻതന്നെ തിര നീക്കി പാത്രം പ്രവേശിക്കുന്നതു സംഭ്രമത്തിൻെറ അടയാളമാകുന്നു. എന്നാൽ "അപടീക്ഷേപേണ" എന്നതിനു പടീക്ഷേപം കൂടാതെ (പടീ=തിര) എന്നർത്ഥമാക്കി, ആറവർ പറഞ്ഞതുപോലെ, തിര നീക്കാതെ എന്നും ചിലർ വ്യാഖ്യാനിച്ചുകണ്ടിട്ടുണ്ട്. ഈ രണ്ടു പക്ഷങ്ങൾക്കും തമ്മിൽ സാരത്തെ സംബന്ധിച്ചേടത്തോളം വ്യത്യാസമില്ല. തിരനീക്കി പ്രവേശിക്കുക എന്നതിനു സാധാരണ ചടങ്ങുപ്രകാരം മറെറാരാൾ തിരനീക്കാതെ, താൻതന്നെ തിരനീക്കി പ്രവേശിക്കുക എന്നാണു സാരം. തിരനീക്കാതെ പ്രവേശിക്കുക എന്നതിനും ചടങ്ങുംപടിയുള്ള തിരനീക്കൽ കൂടാതെ പ്രവേശിക്കുക എന്നുതന്നെയാണു സാരം. തിരയുടെ മറവിൽ നിൽക്കുന്ന പാത്രത്തിനു് അതു് ഉന്തിയോ തള്ളിയോ മററൊ നീക്കാതെ രംഗത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ലല്ലോ. എന്നാൽ, ഔചിത്യത്തെസ്സംബന്ധിച്ചേടത്തോളം ഇവ രണ്ടിനും തമ്മിൽ വലിയ അന്തരമുണ്ട്. തിര നീക്കാതെ പ്രവേശിക്കുന്നു എന്നു പറഞ്ഞാൽ, വാതിൽ തുറക്കാതെ അകത്തു കടക്കുന്നു എന്നു പറയുന്നതുപോലെ അസംബന്ധമായിട്ടാണു തോന്നുക. (±) ഈ ഘട്ടത്തിലുള്ള അനസൂയയുടെ വിചാരത്തിൽ പെട്ട 'ദുഃഖശീലേ തപസ്വിജനേ കോഭ്യർത്ഥ്യതാം" എന്ന വാക്യത്തിനു "വ്രതങ്ങൾക്കും മററും ക്ലേശിച്ചുകൊണ്ടിരിക്കുന്ന താപസന്മാരിൽ ആരോടാണപേക്ഷിക്കുക" എന്നാണു് ആറവർതർജ്ജിമ. ദുഃഖശീലൻ എന്ന വിശേഷണത്തിനു ദുശ്ശീലക്കാരൻ (എന്തു ചെയ്താലും തെളിയാത്തവൻ, പാട്ടിലാക്കുവാൻ പ്രയാസമുള്ളവൻ) എന്നാണർത്ഥം. "കാമേകപത്നീവ്രതദുഃഖശീലാം ലോലം മനശ്ചാരുതയാ പ്രവിഷ്ടാം" എന്ന കുമാരസംഭവപദ്യത്തിലും ഈ പദം ഇതേ അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ഇങ്ങനെ അർത്ഥമായാലാണു് അധികം ഔചിത്യവും. അടയാളമോതിരം ദുഷ്യന്തമഹാരാജാവിനു കൊണ്ടുപോയി കൊടുക്കുകയാണല്ലോ അനസൂയയ്ക്കാവശ്യം. അതിനു തപസ്വിജനത്തിൽ ആരോടെങ്കിലും പറഞ്ഞാൽ അവർ ഏതു മോതിരം, എവിടെനിന്നു കിട്ടി, എന്തിനുവേണ്ടി കൊണ്ടുപോയിക്കൊടുക്കണം എന്നെല്ലാം ദുശ്ചോദ്യം ചോദിച്ചേക്കും എന്നാണിവിടെ ഭയം. അതല്ലാതെ

വ്രതങ്ങൾക്കുംമററും ക്ലേശിച്ച് എഴുനീല്പാൻവയ്യാതെ കിടക്കുന്ന തപസ്വികളെ ദൂരദേശത്തേക്കയച്ചാൽ അവക്കു വല്ല രോഗവും പിടിപെട്ടേയ്ക്കും എന്നല്ല. "വ്രതങ്ങൾക്കും മററും" എന്ന അംശം മൂലത്തിലില്ലാത്തതും അർത്ഥവൈശദ്യത്തിനുവേണ്ടി കൂട്ടിച്ചേർത്തതുമാണ്. പക്ഷേ ഈ അംശം കൂട്ടിച്ചേർത്തതുകൊണ്ട് അർത്ഥത്തിനു വൈശദ്യമല്ല അനൌചിത്യമാണു സംഭവിച്ചതു്. വള്ളത്തോൾ 'ദുഃഖശീല'പദത്തെ 'മുഷിപ്പൻ' എന്നാണു പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. ഈ പ്രയോഗവും 'മുഷിപ്പൻ' തന്നെയാണെങ്കിലും 'ദുഃഖശീല'നോടു് ഒരകന്ന ബന്ധമെങ്കിലും ഇതിനുണ്ടു്.

(5) ലജ്ജിച്ചു മുഖം താഴ്ത്തി നില്ക്കുന്ന ശകുന്തളയെ ആലിംഗനം ചെയ്തുകൊണ്ടു താതകാശ്യപൻ പറയുന്ന "ദിഷ്ട്യാ ധൂമാവരുദ്ധദൃഷ്ടേരപി യജമാനസ്യ പാവക ഏവാഹുതിഃ പതിതാ" എന്ന വാക്യത്തെ "പുകകൊണ്ടു കണ്ണടഞ്ഞ ഹോതാവിന്റെ ആഹുതിഭാഗ്യത്താൽ അഗ്നിയിൽത്തന്നെ വീണു" എന്നാണ് ആററൂർ തർജ്ജിമചെയ്തിരിക്കുന്നതു്. ഇതിൽ "കണ്ണടഞ്ഞുവെങ്കിലും" എന്നു വേണ്ടതായിരുന്നു. വിരോധദ്യോതകമായ 'അപി' ശബ്ദം കളഞ്ഞതുകൊണ്ടു ന്യൂനപദദോഷം വന്നിരിക്കുന്നു. ഇതു വള്ളത്തോൾതർജ്ജിമയിലും കാണുന്നുണ്ടു്.

(6) ശകുന്തളയുടെ പ്രസ്ഥാനത്തിൽ അനുയാത്ര ചെയ്ത കാശ്യപൻ "പാലയുടെ ചുവട്ടിലെത്തു" മാറിനിന്നു സന്ദേശം പറഞ്ഞതായി ആററൂരിന്റെ പരിഭാഷയിൽ കാണുന്നു. വള്ളത്തോൾ "പേരാലിന്റെ തണലത്തു്" എന്നാണു പറഞ്ഞിരിക്കുന്നതു്. "ക്ഷീരവൃക്ഷച്ഛായായാം" എന്ന മൂലത്തിനു യോജിച്ചതു വള്ളത്തോൾതർജ്ജിമയാണു്.

(7) അഞ്ചാമങ്കത്തിൽ കാശ്യപന്റെ സന്ദേശവുംകൊണ്ടു ചില മുനിമാർ വന്നിട്ടുണ്ടെന്നു പ്രതീഹാരി പറഞ്ഞപ്പോൾ ദുഷ്യന്തൻ തന്റെ 'അപചരിതം'നിമിത്തം ആശ്രമത്തിൽ വല്ല ഉപദ്രവവും വന്നിട്ടുണ്ടായിരിക്കുമോ എന്നു സന്ദേഹിക്കുന്നു. മുനിമാരെ കണ്ടപ്പോൾ പ്രതീഹാരി "ദേവ, പ്രസന്നമുഖവർണ്ണാ ദൃശ്യന്തേ ജാനാമി വിസ്രബ്ധകാര്യാ ഋഷയഃ" എന്നും പറയുന്നു. ഈ വാക്യത്തെ ആററൂർ "ഈ മുനിമാരുടെ മുഖം തെളിഞ്ഞിരിക്കുന്നുണ്ടു്. കാര്യം സാധിക്കുമെന്നിവക്കു വിശ്വാസമുണ്ടായിരിക്കണം" എന്നാണു തർജ്ജിമ ചെയ്തിരിക്കുന്നതു്. "വിസ്രബ്ധകാര്യാഃ" എന്നതിന്നു ശാന്തമായ (ഭയപ്പെടാനില്ലാത്ത) കാര്യത്തോടുകൂടിയവർ എന്നാണർത്ഥം. അങ്ങനെയായാലേ രാജാവു മുമ്പിൽ സന്ദേഹി

ച്ചതിനും ഇതിനും തമ്മിൽ ബന്ധവുമുള്ള. "തിരുമേനി, മഹർഷിമാരുടെ മുഖം പ്രസന്നമായിട്ടാണ കാണപ്പെടുന്നതു്. അതിനാൽ ഇവക്കു് ഉപദ്രവമൊന്നുമില്ലെന്നു് അടിയത്തിന്നു തോന്നുന്നു" എന്ന വള്ളത്തോൾ തർജ്ജിമയാണ ശരിയായിട്ടുള്ളതു്. "കാര്യം സാധിക്കുമെന്നിവക്കു വിശ്വാസമുണ്ടായിരിക്കണം" എന്നതിന്നു "വലിയ ക്ലേശം വേണ്ടിവരുന്ന കാര്യമായിരിക്കില്ലെന്നും അവിടുന്നു ശങ്കിച്ചപോലെ അറിയാതെ തെററുപററി ആപത്തൊന്നും വന്നുകൂടീട്ടില്ലെന്നും" ടിപ്പണകാരൻ ഭാവം പറയുന്നുണ്ടു്. ഭാവത്തിന്നു ലേശംപോലും ദുർഗ്രഹതയില്ലാത്ത ഒരു വാക്യത്തെ വെറുതെ വളച്ചു തർജ്ജിമചെയ്തതു ടിപ്പണകാരനു് ഒരു 'പ്രവൃത്തി'യുണ്ടാക്കിക്കൊടുക്കുന്നതിന്നുവേണ്ടിയായിരിക്കാം!

ഇനി ഗർഭസന്ധിയിലുള്ള ചില ശ്ലോകങ്ങളുടെ ഗുണദോഷങ്ങളെക്കുറിച്ചു ചിന്തിക്കാം.

സ്നാനോത്ഥിതന്നായ കാശ്യപൻ ശകുന്തളയുടെ വിരഹമോത്തു കേഴുന്നു:—

ഇന്നേ പോയിടുമശ്ശകുന്തളയതോ-
ത്തുൾക്കണ്ഠ തേടീ മനം
തന്നൊബ്ബാഷ്പമടഞ്ഞു തൊണ്ടയിടറീ
ചിന്താജഡം ദൃഷ്ടിയും
ഖിന്നൻ ഞാനിതുമട്ടഹോ മമതയാൽ
മാഴ്കുന്നിതാരണ്യകൻ
ദണ്ഡിപ്പൂ ഗൃഹിയെത്രതന്നെ നവമാം
പുത്രീവിയോഗാത്തിയാൽ.

(ആററൂർ)

ഇപ്പോൾപ്പോവുകയായ് ശകുന്തളയിതോ-
ത്തിണ്ടൽപ്പെട്ടുന്നു മനം;
കണ്ഠം ബാഷ്പനിയന്ത്രണാൽ കലുഷിതം;
മങ്ങുന്നു കൺ ചിന്തയാൽ
സ്നേഹാലിത്രയുമാകുലൻ ഹഹ, വനേ
മേവുന്ന ഞാൻ പോലുമേ;
ഗേഹസ്ഥക്കഴലെത്രയെത്ര, പുതുതാം
പുത്രീവിയോഗാൽപ്പെടാം!

(വള്ളത്തോൾ)

"ഇന്നേ പോയിട്ടമശ്ശകുന്തള"—ഇന്നു പോയിട്ടും ശകുന്തള എന്നു വേണ്ടതുള്ളു. തന്നെ എന്നൎത്ഥമായ 'ഏ'യും ബുദ്ധിസ്ഥപരാമൎശകമായ 'ആ'യും ആവശ്യമില്ല. "ഇപ്പോററംപ്പോവുകയായ് ശകുന്തള"—'യാസ്യതി' എന്ന ലൃട്ടിനു 'പോയിട്ടും' എന്നേ വിവക്ഷയുള്ളു. യാനം സമീപതരവൎത്തിയായാലുള്ള ഉൽകണ്ഠ സൎവ്വസാധാരണമാണു്. അതിൽ നിന്നു കാശ്യപനുള്ള അസാധാരണമായ പുത്രീവാത്സല്യം തോന്നുകയില്ല. "തന്നെബ്ബാഷ്പമടങ്ങത്തൊണ്ടയിടറി"—ബാഷ്പം 'തന്നെ' അടയുകയല്ല, ധൈൎയ്യംകൊണ്ടു 'നിയന്ത്രണം' ചെയ്കയാൽ അടയുകയാണു്. "മങ്ങുന്നു കൺ ചിന്തയാൽ"—ഇതിനു 'ചിന്താജഡം ദൎശന'മെന്നൎത്ഥം കിട്ടുകയില്ല; 'ദൎശന' ശബ്ദത്തിനു തജ്ജന്ദ്രിയജമായ ജ്ഞാനമെന്നും 'ജഡ'മെന്നതിനു സ്വസ്വവിഷയങ്ങളെ ഗ്രഹിക്കാത്തതെന്നുമാണു താല്പൎയ്യം. കണ്ണുമങ്ങുന്നു എന്നു പറഞ്ഞാൽ ഇത്രത്തോളമുള്ള അൎത്ഥം സിദ്ധിക്കുകയില്ല. "ഖിന്നൻ ഞാനിതു മട്ടഹോ മമതയാൽ മാററംകന്നിതാരണ്യകൻ"—ഖിന്നൻ, മാററംകന്നിതു എന്നിവസ്സു് ഏകദേശം ഒരേ അൎത്ഥംതന്നെയാണു്. അതിനു 'വൈക്ലബ്യ'ത്തിൻെറ ശക്തിയൊട്ടുതോന്നുന്നുമില്ല. "സ്നേഹാലിത്രയുമാകുലൻ ഹഹ വനേ മേവുന്ന ഞാൻപോലുമേ"—ഇതിലെ 'ഹഹ' മൂലത്തിലെ 'അഹോ'വിൻെറ സ്വാരസ്യം കാണിക്കുന്നില്ല. "ദണ്ഡിപ്പൂ ഗൃഹിയെത്രതന്നെ നവമാം പുത്രീവിയോഗാൎത്തിയാൽ"—മൂലത്തിൽ 'ഗൃഹി'ക്കും 'തനയാവിശ്ലേഷദുഃഖ'ത്തിനും ബഹുത്വമുണ്ടു്. ഗൃഹസ്ഥന്മാൎക്കു പൊതുവെ ഉണ്ടാകാവുന്ന പീഡയെ പറയുന്നതാകയാൽ ബഹുത്വം ആവശ്യവുമാണു്. "ഗേഹസ്ഥൎക്കഴലെത്രയെത്ര" ഇത്യാദിയായുള്ള തൎജ്ജിമയിൽ ഇതു് ഒരുവിധം ഒപ്പിച്ചിട്ടുമുണ്ടു്. ഇതിൽ ആററൂരിനും വള്ളത്തോളിനും ചില അംശങ്ങളിൽ ന്യൂനത പററിയിരിക്കുന്നുവെന്നു് ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

കാശ്യപൻ ശകുന്തളയെ ഋക്ഛന്ദസ്സുകൊണ്ടു് ആശീൎവ്വദിക്കുന്നു:—

ചുഴന്നിവേദിയതിൽ സ്ഥാനക്ലൃപ്ത്യാ<br>
ജ്വലിപ്പിച്ചും ദൎഭ ചുററും വിരിച്ചും<br>
ഹവിൎഗ്ഗന്ധാൽ ദുരിതം തീൎക്കുവോരീ<br>
വൈതാനാഗ്നിശ്രേണി രക്ഷിക്ക നിന്നെ.

(ആററൂർ.)

ഇതാ, വേദിച്ചുഴലെക്കുണ്ഡമദ്ധ്യേ
സമിത്താർന്നും ദർഭ ചാരേ വിരിച്ചും
ഹവിർഗ്ഗന്ധാൽദ്ദുരിതം പോക്കിയാളും
യജ്ഞീയച്ചെന്തീകൾ തേ ചേർക്ക ശുദ്ധി.

(വള്ളത്തോൾ.)

"വൈതാനാഃ വഹ്നയഃ" എന്ന മൂലത്തെ ആറന്മർ "വൈതാനാഗ്നിശ്രേണി"യെന്നാക്കി. "പാവയന്തു" (ശുദ്ധീകരിക്കട്ടെ) എന്നതിനെ "രക്ഷിക്ക" എന്നുമാക്കി. അഗ്നികൾക്കു ശുദ്ധീകരണത്തിലാണ സാമർത്ഥ്യം, രക്ഷണത്തിലല്ല. 'ശ്രേണി' എന്ന സമുദായവാചക പദം വിന്യസിക്കയാൽ അഗ്നികൾക്കു് ഒറ്റയ്ക്കൊറ്റയ്ക്കുള്ള കർത്തൃത്വം പോകയും ചെയ്തു. "സമിദ്വന്തഃ" (ചമതയുള്ള) എന്ന വിശേഷണത്തിന്റെ സ്ഥാനത്തു് "ജ്വലിപ്പിച്ചും" എന്നു വെച്ചിരിക്കുന്നതു ശരിയാണോ? സമിത്തുകൊണ്ടു പരിധിയിടുകയല്ലേ ചെയ്യുന്നതു്? "ദർഭ ചുറ്റം വിരിച്ചും"—ദർഭ "പരിസ്തരിക്കു"ന്നതിനു പകരം 'വിരിക്കുന്ന'തു ശരിയോ? "ജ്വലിപ്പിച്ചും ദർഭ ചുറ്റം വിരിച്ചും" എന്നതിൽ ജ്വലിപ്പിക്കുന്നതിന്റെയും ദർഭ വിരിക്കുന്നതിന്റെയും കർത്തൃത്വം അഗ്നികൾക്കുതന്നെയല്ലേ വരുന്നതു്? അതു ശരിയോ? ആകപ്പാടെ ആറന്മരിന്റെ അഗ്നികൾക്കു് ഒരു ചൈതന്യം തോന്നുന്നില്ല. "ഇരുപത്തിനാലു കൊല്ലത്തെ" പഴക്കംപോലും ഈ ശ്ലോകത്തിനു തോന്നുന്നില്ല. വള്ളത്തോളിന്റെ 'വിവർത്തനം' ഇതിലും പരുങ്ങലാണ്. "സമിദ്വന്തഃ" എന്നതിനെ അദ്ദേഹം "കുണ്ഡമദ്ധ്യേ സമിത്താർന്നും" എന്നാണു വിവർത്തനം ചെയ്തിരിക്കുന്നതു്. ഹോമം കഴിഞ്ഞ അഗ്നികുണ്ഡത്തിന്റെ മദ്ധ്യത്തിൽ സമിത്തു കത്താതെ കിടക്കുന്നതു് അത്ഭുതം തന്നെ. വൈതാനാഗ്നികൾ "യജ്ഞീയച്ചെന്തീകൾ" ആയപ്പോൾ സംസ്കാരസിദ്ധമായ അലൌകികത്വത്തിൽനിന്നു ലൌകികത്വത്തിലേക്കു കിഴിഞ്ഞു. കാശ്യപമുനിയുടെ വൈതാനാഗ്നികളെ മഹാകവി 'അധമത്തിൻ' ഹോമം ചെയ്യുന്ന മാന്ത്രികന്മാരുടെ തീയുപോലെയായി അധഃപതിപ്പിച്ചിരിക്കുന്നു. സംസ്കൃതത്തിലെ 'വഹ്നി' പോലെ നിയതപുംസ്ത്വമില്ലാത്ത ഭാഷയിലെ 'തീ' നപുംസകപ്രത്യയമായ 'കൾ' ചേർന്നപ്പോൾ ശുദ്ധമേ ക്ലീബമായിച്ചമയുകയും ചെയ്തു. "യജ്ഞീയച്ചെന്തീകൾ" എന്ന പ്രയോഗത്തിൽ ചിലർ വ്യാകരണ

ത്തെററ പറഞ്ഞു കാണേനുണ്ട്. 'യജ്ഞിയം' എന്നല്ലാതെ 'യജ്ഞീയം' എന്നു പറയരുതെന്നായിരിക്കാം അവരുടെ വാദം, എന്നാൽ യജ്ഞസംബന്ധി എന്നൎത്ഥത്തിൽ യജ്ഞീയം സാധുതന്നെയാണ്. "പ്രശസ്തേഹനി യജ്ഞീയേ സൎവ്വകാമസമൃദ്ധിമൽ കാൎയ്യാ മാസശയ്യാതിയ്യജ്ഞായതനമുത്തമം" എന്നു മഹാഭാരതത്തിൽ പ്രയോഗമുണ്ട്.

ശകുന്തളയുടെ യാത്രയിൽ കാശ്യപൻ തപോവനവൃക്ഷങ്ങളോടു വിടചോദിക്കുന്നു:—

നിത്യം നിങ്ങൾ കുടിച്ചിടാതെവൾ കുടി-
    ക്കാ സ്നേഹമൂലം ജലം
പൊട്ടിക്കില്ലെവൾ നിങ്ങൾതൻ തളിരല-
    ങ്കാരപ്രിയം വാൎക്കിലും
അത്യാനന്ദമെവൾക്കു നിങ്ങൾ പുതുതായ്
    പൂത്താലിതാ യാത്രയായ്
ഭൎത്താവിൻ ഗൃഹമശ്ശകുന്തളയനു-
    ജ്ഞാപിപ്പിനെല്ലാവരും.

(ആററൂർ)

വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ
    നിങ്ങൾക്കു നല്കാതെയാർ,
നല്ലാറില്ലണിവാൻ കൊതിക്കുകിലുമാ-
    രമ്യാൎദ്രഭവൽ പല്ലവം,
നല്ലോരുത്സവമാക്കു നിങ്ങടെ കടി-
    ഞ്ഞിൽപ്പൂപ്പിറപ്പാകുകി-
ങ്ങെല്ലാരും വിട, യശ്ശകുന്തളയിതാ,
    പോകുന്നു കാന്താലയേ.

(വള്ളത്തോൾ)

ആററൂരിന്റെ ശ്ലോകത്തിൽ വിശേഷണമായ 'പ്രിയ' പദത്തെ നാമമായി പ്രയോഗിച്ചതു ശരിയായോ എന്നു സംശയിക്കുന്നു. വേറെ ഇതിനെപ്പററി വിശേഷിച്ചൊന്നും പറവാനില്ല. വള്ളത്തോളിന്റേതിനെപ്പററി കുറച്ചൊന്നു പറയേണ്ടതായുണ്ട്. വള്ളത്തോളിന്റെ ഈ തൎജ്ജിമ ആററൂരിന്റേതിനെക്കാൾ മാത്രമല്ല എല്ലാ തൎജ്ജിമകളെക്കാളും മേലെയായിട്ടുണ്ടെന്ന് അവതാരികയിൽ വിദ്വാൻ സി.

എസ്. നായർ പറഞ്ഞുകാണുന്നു. ഇതിലെ "മധുരമായ രചനയും 'കടിഞ്ഞിൽപ്പൂപ്പിറപ്പ്' എന്ന സരസമായ പ്രയോഗവും" അദ്ദേഹത്തെ "കൊൾമയിർക്കൊള്ളിപ്പിച്ചി"രിക്കുന്നു ! എന്നാൽ ഗുണജ്ഞനും ദോഷജ്ഞനുമായ അദ്ദേഹം ഒരു സംഗതി ആലോചിക്കേണ്ടതാണ്. 'ആർ' എന്ന ചോദ്യസർവ്വനാമം (മൂലത്തിൽ യച്ഛബ്ദം)കൊണ്ടു് മെടഞ്ഞുപോന്ന വാക്യമാലയെ 'അശ്ശകുന്തള'യിലെ 'അ' എന്ന വിവേചകസർവ്വനാമം (മൂലത്തിൽ തച്ഛബ്ദം)കൊണ്ടു പരാമർശിക്കുന്നതിനുമുമ്പ് നടുവിൽ തിരുകിച്ചേർത്ത "എങ്കുകിങ്ങെല്ലാരും വിട" എന്ന വാക്യം വൃത്തപോരത്തിൽ കുത്തിച്ചെലുത്തിയ ചതുരശ്രഖണ്ഡംപോലെ സ്ഥാനമുറയ്ക്കാതെ സ്ഥിതിചെയ്യുന്നു. ത്രിശങ്കുവിനെപ്പോലെ അന്തരാളത്തിൽ നില്ക്കുന്ന ആ വാക്യത്തിന്റെ ആദിയിലുള്ള 'എങ്കുക'യെ ചാടിപ്പിടിക്കുവാൻ മുമ്പിൽ അസമാപ്തമായി നിൽക്കുന്ന വാക്യത്തിന്റെ ഒടുവിലുള്ള "കടിഞ്ഞിൽപ്പൂപ്പിറപ്പും" അവസാനത്തിലുള്ള 'വിട'യെ വലിച്ചുകൊണ്ടുപോകുവാൻ ആ അസമാപ്തവാക്യത്തെ പരാമർശിക്കുന്നതിനുവേണ്ടി കാത്തുനിൽക്കുന്ന "അശ്ശകുന്തള"യും ശ്രമിപ്പെടുന്നു. ഇരുപുറങ്ങളിൽ നിന്നുമുള്ള ഈ അഭ്യാഘാതത്തെ തടുക്കുവാൻ "എങ്കുകിങ്ങെല്ലാരും വിട" എന്ന ചെറുവാക്യത്തിന്റെ മുമ്പിലും പിമ്പിലും ഓരോ അങ്കുശം പ്രയോഗിക്കുകയാണു മഹാകവി ചെയ്യിട്ടുള്ളതു്. ഗ്രഹപ്പിഴയ്ക്കു് ഒടുവിലത്തെ അങ്കുശമെങ്ങാനും മുറിഞ്ഞുപോയെങ്കിൽ സാദ്ധ്വീശിരോരത്നമായ ശകുന്തളയ്ക്കു 'വിട'യാകേണ്ടിവരികയും ചെയ്യും. ഇത്രത്തോളം വൈഷമ്യമുള്ള രചനയെ എങ്ങനെ മധുരമെന്നു പറയാം? "കടിഞ്ഞിൽപ്പൂപ്പിറപ്പ്" എന്ന പ്രയോഗം സരസമാണ് എന്നും സമ്മതിപ്പാൻ വയ്യ. 'കുസുമപ്രസൂതി' ആർത്തവസ്ഥാനീയമാണ്, പ്രസവസ്ഥാനീയമല്ല. പ്രസവത്തിന്റെ വിശേഷണമായിട്ടല്ലാതെ ആദ്യത്തേതു് എന്ന അർത്ഥത്തിൽ 'കടിഞ്ഞിൽ' എന്നു പറയാറുമില്ല. ശകുന്തളയ്ക്കു് ഉത്സവമുണ്ടാകുന്നു എന്നാണു മൂലത്തിൽ പറയുന്നതു്. വിവർത്തനത്തിലാകട്ടേ ഉത്സവമായിത്തന്നെ നിബന്ധിച്ചിരിക്കുന്നു. "വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ" എന്നതിൽ മൂലത്തിലെ 'വ്യവസ്യതി' വിട്ടുപോയിട്ടില്ലെന്നു സമ്മതിക്കാം. പക്ഷേ "നിങ്ങൾക്കു നല്കാതെയാർ" എന്നതിൽ "യുഷ്മാസ്വപീതേഷു യാ" എന്ന മൂലത്തിലെ സ്വാരസ്യം വന്നിട്ടില്ല. വൃക്ഷങ്ങൾ വെള്ളം കുടിക്കുന്നതിനു മുമ്പേ ശകുന്തള വെള്ളം കുടിപ്പാൻ തുനിയുകു

യില്ല എന്നാകുമല്ലല്ലോ സ്വാരസ്യമുള്ളൂ? വൃക്ഷങ്ങൾക്കു വെള്ളം നല്കിയാൽ പോരാ; അവ അതു കുടിച്ചുകഴിയുകതന്നെ വേണം.

കുയിൽനാദം കേൾക്കുന്നതായി നടിച്ചു കാശ്യപൻ പറയുന്നു.

വിടയരുളി ശകുന്തളയ്ക്കിദാനീം
വിടപികൾ കാനനവാസബാന്ധവന്മാർ:
ഇവ മറുപടിയേവമോതിയല്ലോ
കളതരമാം കളകണ്ഠനിസ്വനത്താൽ.

മഹാകവി വള്ളത്തോളിന്റെ ഈ പദ്യത്തിൽ അദ്ദേഹത്തിനു സ്വതസ്സിദ്ധമായുള്ള രചനാചാതുര്യം തെളിഞ്ഞുവിളങ്ങുന്നുണ്ട്. ഈ ശ്ലോകം മൂലത്തിന്റെ ഒരു തന്മയമായ പകർപ്പുതന്നെയാണ്. അർത്ഥം കൊണ്ടും ഇതു മൂലത്തോടൊത്തിരിക്കുന്നു. സ്വതേയുള്ള കവിശക്തി ആഗന്തുകങ്ങളായ ഹേതുക്കളാൽ എത്രതന്നെ അഭിഭൂതമായാലും ചിലപ്പോൾ പ്രകാശിക്കും. "ഉത്തമൻ കിളുക്കുമ്പോൾ തൻമഹത്ത്വത്തെ കാട്ടു"കയും ചെയ്യും. ആറ്റൂരിന്റെ

അനുമതി നൽകി ശകുന്തളയ്ക്കു പോവാൻ
വനമിതിൽ വേർപെട്ടു കലന്ന വൃക്ഷജാലം
അതികളരകോകിലനാദമിത്തരത്തിൽ
പ്രതിമൊഴിയായയിഹ കേട്ടതായതല്ലോ.

എന്ന പദ്യം ഇതിനോടു കിടനിൽക്കുവാൻ പോരാ. "അനുമതി നല്കി" എന്ന അനുമാനത്തിന്നു "പ്രതിമൊഴികേട്ടു" എന്നുള്ളതു ശരിയായ ഹേതുവാമോ? "അനുമതഗമനാ" എന്നും "പ്രതിവചനീകൃതം" എന്നും നിബന്ധിച്ച മൂലകാരന്റെ അഭിപ്രായം അങ്ങനെയല്ലെന്നു വിശ്വാസമാണ്.

മാനുകൾ ചവച്ച പുല്ലും
കാനനിതു നൃത്തം വെടിഞ്ഞു മയിലുകളും
കാനനവല്ലികൾ കണ്ണീർ-
കണംകണക്കെ പൊഴിപ്പു വെള്ളിലകൾ.

(ആറന്മുള)

വീഴുന്നു വായകളിൽനിന്നു ചവച്ച ദർഭ
മാൻപേടകൾക്കു; മയിലിൻ നടനം നിലച്ചു

വണ്ണു് വിളർത്തു കൊഴിയുന്നിലയാൽ പൊഴിപ്പൂ
കണ്ണീർക്കണത്തെ വനവല്ലികളെന്നു തോന്നും.
(വള്ളത്തോൾ)

ശകുന്തള പിരിഞ്ഞുപോകുമ്പോൾ തപോവനമാകെ സങ്കടപ്പെടുന്നതായി പ്രിയംവദ പറയുന്നതാണു് ഈ പദ്യം. ഇതിൽ തപോവനത്തെ ശകുന്തളയുടെ പിതൃകുലമായിട്ടാണു കല്പിച്ചിരിക്കുന്നതു്. വധുവിന്റെ ഭർത്തൃഗൃഹഗമനത്തിൽ പിതൃകുലത്തിലുള്ളവർ ദുഃഖിക്കുന്നതുപോലെ തപോവനത്തിലുള്ളവർ ദുഃഖിക്കുന്നതായി ഇതിൽ നിബന്ധിച്ചിരിക്കുന്നു. തപോവനത്തിലുള്ള മാൻപേടകൾ മുതലായവരിൽ ബന്ധുവ്യവഹാരത്തെ ആരോപിച്ചിരിക്കുന്നു. അതിമനോഹരമായ ഈ പദ്യത്തിലെ മൃഗികളെ ആണാക്കി 'മാനുകൾ' ആക്കി. സ്ത്രീലിംഗത്തിനാണിവിടെ ഔചിത്യമധികം. ദർഭകബളം വായിൽനിന്നു വീണതിനെ "കാന്നിത്തു" എന്നു പറഞ്ഞതും ശരിയായില്ല. കാലുക=ഛർദ്ദിക്കുക. "കാന്നിത്തു" എന്നതിൽ മുഴുത്ത അശ്ലീലം സ്പഷ്ടമായിട്ടുണ്ടു്. ഛർദ്ദിക്കുക എന്നർത്ഥത്തിൽത്തന്നെ "കന്നബു് ഭാഷ"യായിട്ടേ "കാലുക" പറഞ്ഞു കേട്ടിട്ടുള്ളു. അരകത്തേക്കിറക്കിയ പുല്ലല്ലാതെ "ചവച്ച പുല്ലു്" കാലുവാൻ വയ്യതാനും. ശകുന്തളയുടെ വിരഹത്തിൽ മാനുകൾക്കു് ഓക്കാനിക്കാൻ വരത്തക്കവിധം അറപ്പു തോന്നിയെന്നായിരിക്കുമോ അഭിപ്രായം! 'കാന്നിത്തു്' എന്ന പ്രയോഗം കാണുമ്പോൾ വായനക്കാർക്കങ്ങനെയാണു തോന്നുക. വള്ളത്തോൾത്തർജ്ജിമയിൽ ഈവക വൈഷമ്യങ്ങളൊന്നുമില്ല. "കാനനവല്ലി"കളിൽ 'കാനനം' അധികമാണു്. "തപോവനത്തിന്നാകെത്തന്നെ ഈ അവസ്ഥയാണു കാണുന്നതു്" എന്നു പറഞ്ഞുവെച്ചതിനെ ഉപപാദിക്കുകയാണല്ലോ ഈ ശ്ലോകംകൊണ്ടു ചെയ്യുന്നതു്. ഈ അംശം വള്ളത്തോളിന്റെ "വനവല്ലിക"കളിലും ഉണ്ടു്. "കണ്ണീർക്കണ"ത്തിലെ 'കണ'വും വേണ്ടിയിരുന്നില്ല. വള്ളത്തോൾപ്പദ്യം അത്യന്തം ഹൃദ്യമായിട്ടുണ്ടു്. ഈ ശ്ലോകം സീതാപരിത്യാഗഘട്ടത്തിലുള്ള

"നൃത്യം മയൂരാഃ കുസുമാനി വൃക്ഷാ
ദർഭാനുപാത്താൻ വിജഹുർഹരിണ്യഃ
തസ്യാഃ പ്രപന്നേ സമദുഃഖഭാവ-
മത്യന്തമാസീദ്രുദിതം വനേപി"

എന്ന രഘുവംശശ്ലോകത്തോടു് ഒരുവിധം സമാനാർത്ഥകമാണു്.

അതിലും 'ഹരിണ്യഃ' എന്നു കാണുന്നതു് ആററൂരിന്റെ ശ്രദ്ധയിൽ പെടേണ്ടതാണു്.

കാശ്യപൻ ദുഷ്യന്തനയക്കുന്ന സന്ദേശം:—

"മുന്നോർത്താനിഹ ഞങ്ങൾ സംയമധനാ-
ന്മാരുന്നതം നിൻകുലം
നിന്നിൽ സ്നേഹമിവൾക്കു ബന്ധുകൃതമെ-
ന്നെല്ലാം ശരിക്കോർത്തു നീ
ഒന്നായുള്ള നിലയ്ക്കു നോക്കുകിവളെ
ദാരാനുരൂപാദരം
പിന്നെബ്ഭാഗ്യമണപ്പതാണതു വധൂ-
ബന്ധുക്കളോർത്തീടൊലാ."

(ആററൂർ)

ധന്യം തൻകുലമെന്നതും, ശമധനാ-
ന്മാർ ഞങ്ങളെന്നുള്ളതും,
നിന്നിൽ സ്നേഹമിവൾക്കു ബന്ധുകൃതമ-
ല്ലെമ്മട്ടുമെന്നുള്ളതും
നന്നായോർത്തു ഭവാൻ ഗ്രഹിക്കുകിവളെ-
സ്സാമാന്യപത്നീജനേ;
പിന്നെബ്ഭാഗ്യവിധേയമപ്പുറമതെ-
ന്നോതേണ്ട പെൺകൂററുകാർ?

(വള്ളത്തോൾ.)

ഭാര്യമാരിൽ സാമാന്യമായ പ്രതിപത്തിയോടുകൂടി അങ്ങു് ഇവളെ ദർശിക്കണം എന്നാണു മൂലാർത്ഥം. ഭാര്യമാരിൽ യുക്തമായ ആദരവോടുകൂടി സാമാന്യനിലയിൽ (ഒന്നായുള്ള നിലയ്ക്കു) നോക്കണമെന്നു് ആററൂർ. സാമാന്യപത്നിമാരുടെ കൂട്ടത്തിൽ ഗ്രഹിക്കണമെന്നു വള്ളത്തോൾ. മൂലത്തിൽ പ്രതിപത്തിയുടെ വിശേഷണമായുള്ള 'സാമാന്യം' തർജ്ജിമകളിൽ പത്നീവിശേഷണമായിട്ടാണു വന്നിരിക്കുന്നതു്. ദുഷ്യന്തൻ ശകുന്തളയെ പത്നിമാരിൽ ഒന്നായിട്ടു വീക്ഷിക്കണമെന്നോ ഗ്രഹിക്കണമെന്നോ അല്ല കാശ്യപന്റെ വിവക്ഷ. അതു പറയാതെ തന്നെ ചെയ്യേണ്ടതാണു്. മകളെ വേളികഴിച്ച പുരുഷനോടു പിന്നെ അവളെ പതിയായി സ്വീകരിക്കണമെന്നു കാശ്യപനല്ല ഏതു

പിതാവും ആവശ്യപ്പെടേണ്ടതുമില്ല. ദുഷ്യന്തനോ ശകുന്തളയിൽ പ്രതിപത്തിയുണ്ടാകണമെന്നാണ കാശ്യപന്റെ ആഗ്രഹം. എന്നാൽ സാമാന്യമായിട്ടുള്ള പ്രതിപത്തിയെ മാത്രമേ അദ്ദേഹം അൎത്ഥിക്കുന്നുള്ളു. വിശേഷപ്രതിപത്തി വേണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. വിശേഷപ്രതിപത്തിയുണ്ടാവുന്നതു ഭാഗ്യംപോലെയാണ്; അതു വധുവിന്റെ ബന്ധുക്കൾ പറയുന്നതു ഭംഗിയല്ലല്ലോ എന്നാണഭിപ്രായം. ഇങ്ങനെ സാമാന്യപ്രതിപത്തിയുണ്ടാകുന്നതിന്റെ ഔചിത്യത്തെയാണ പൂൎവ്വാൎദ്ധംകൊണ്ടു പറയുന്നതു്. ഞങ്ങൾ സംയമധനന്മാരാണ്, അങ്ങയുടെ കുലം ഉന്നതമാണ്, അങ്ങയിലുള്ള ഇവളുടെ ആ സ്നേഹപ്രവാഹം ബന്ധുകൃതമല്ലതാനും. ഈ മൂന്നു സംഗതികൾ നല്ലവണ്ണം ആലോചിക്കണം. നല്ലൊരു തറവാട്ടിൽനിന്നു നല്ലൊരു തറവാട്ടുകാരൻ അകൃത്രിമസ്നേഹത്തോടുകൂടിയ ഒരു കന്യകയെ വേട്ടാൽ അവളിൽ അദ്ദേഹത്തിനു പ്രതിപത്തിയുണ്ടാകുന്നതു് ഉചിതമാണെന്നു ഹൃദയം. ഈ പദ്യത്തിന്റെ മൂലത്തിന്നു പലതരത്തിലുള്ള അൎത്ഥങ്ങളും വാച്യമായും വ്യംഗ്യമായും പറഞ്ഞുകേട്ടിട്ടുണ്ടു്. പക്ഷെ ആറവർ അതിനോടു യോജിക്കുന്നില്ല. "മൎയ്യാദയായ ഒരൎത്ഥംതന്നെ മതി എന്നു വെക്കുകയാണ നല്ലതു് എന്നാണ പരിഭാഷകന്റെ പക്ഷം" എന്നു ടിപ്പണകാരൻ പറയുന്നു. എങ്കിലും "അങ്ങനെ പോരെന്നു തോന്നുന്നവൎക്ക് ആ അൎത്ഥങ്ങളെല്ലാം ഉണ്ടാക്കാവുന്ന വിധത്തിലാണ് ഈ ഭാഷാപദ്യവും നിൎമ്മിച്ചിട്ടുള്ളതും" എന്നു പറഞ്ഞു ടിപ്പണകാരൻ ആവക അൎത്ഥങ്ങൾ വിവരിക്കയും ചെയ്യുന്നു. തന്റെ പക്ഷം സൎവ്വസമ്മതമാകുമെന്നു പരിഭാഷകന്നുതന്നെ വിശ്വാസമില്ലെന്നു് ഇതുകൊണ്ടു വ്യക്തമാണ്. വള്ളത്തോളിന്റെ ടീകാകാരൻ വാച്യാൎത്ഥം പറഞ്ഞതിനുശേഷം "നന്നായോൎത്തു്" എന്നതിൽ രാജാവിന്നൊരു താക്കീതുകൂടി കാശ്യപൻ ഉൾപ്പെടുത്തിട്ടുണ്ടെന്നു പറഞ്ഞു വ്യംഗ്യമായ ഒരൎത്ഥംകൂടി കാണിച്ചിട്ടുണ്ടു്:— "ഞങ്ങൾ വേണ്ടുവോളം തപശ്ശക്തിയുള്ളവരാണ്. ഞങ്ങളിൽനിന്നുണ്ടാകുന്ന നിഗ്രഹമോ അനുഗ്രഹമോ, രണ്ടായാലും, അങ്ങേയ്ക്കുമാത്രമല്ല, ധന്യമായ ഒരു വംശത്തിന്നു മുഴുവനുമാണ്! അങ്ങോ, സ്വയം വന്നു ബന്ധുക്കളുടെ ഇഷ്ടാനിഷ്ടം അന്വേഷിക്കുകയേ ചെയ്യാതെയാണ് ഇവളുടെ സ്നേഹം സമ്പാദിച്ചതു്; അതിനാൽ അങ്ങയ്ക്കിതിൽ യാതൊരൊഴികഴിവുമില്ല! എന്നാൽ ഇതൊക്കെവെച്ചു, ഞങ്ങൾ കടന്നൊന്നും ആവശ്യപ്പെടുന്നില്ല; ഇവളെ

മററു പത്നിമാരുടെ കൂട്ടത്തിൽ ഒരുവളായിഗ്ഗണിച്ചാൽ മതി—ഇത്യാദി". ഇപ്രകാരമുള്ള ഒരു വ്യംഗ്യാത്ഥം പ്രസ്തുത ശ്ലോകത്തിനു തീച്ചയായും ഉണ്ടു്. ഇല്ലെങ്കിൽ 'വിചിന്ത്യ' എന്ന ക്രിയയുടെ കമ്മങ്ങളായ 'അസ്മാൻ' 'കുലം', 'സ്നേഹപ്രവൃത്തിം' എന്നിവയ്ക്കും വിചിന്തനക്രിയയ്ക്കും കവി നല്കിയ വിശേഷണങ്ങൾക്കു പ്രയോജനം മതിയാകാതെ പോകും. ദുഷ്യന്തൻ ശകുന്തളയെ തന്റെ അറിവുകൂടാതെ പരിഗ്രഹിച്ചതിനെ കാശ്യപൻ സമ്മതിച്ചുകൊടുക്കുന്നുണ്ടു്. എന്നാൽ, ആദ്ദേഹത്തിന്റെ ഉദാസീനത കാശ്യപന്നു് അത്ര പിടിക്കുന്നില്ല. അതിനാൽ, യഥാശ്രുതമായ അത്ഥത്തിൽനിന്നു കവിഞ്ഞു് ആലോചിക്കുന്തോറും അധികം ഗൌരവം തോന്നിക്കുന്ന ഒരത്ഥം ഇതിൽനിന്നു ധ്വനിക്കേണ്ടതു് ആവശ്യമാണു്. അങ്ങനെയായാലേ കാശ്യപൻ കുറച്ചുനേരം മനസ്സിരുത്തി ആലോചിച്ചുണ്ടാക്കിയ "മാന്യനായ ദുഷ്യന്തനു ശരിയായൊരു സന്ദേശം" ആകയുള്ളു. മാന്യനായ ഒരു പുരുഷൻ മാന്യനായ ഒരാളുടെ മകളെ 'ഗാന്ധവ്വ'മായി വിവാഹം ചെയ്തു എന്നും പിന്നെ വിവരമൊന്നുമറിയിക്കാതെ ഗൃഹപ്രവേശത്തിനു വൈകിക്കുന്നു എന്നും അപ്പോൾ കന്യാപിതാവു് അദ്ദേഹത്തിന്നു് ഒരെഴുത്തയയ്ക്കുന്നു എന്നും വിചാരിക്കുക. എഴുത്തിൽ തന്റെയും ജാമാതാവിന്റെയും മാന്യതയ്ക്കു ഹാനി വരുത്തുന്നതോ ജാമാതാവിനെ ദുഷിപ്പിക്കുന്നതോ ആയ അത്ഥം വരാതിരിപ്പാൻ അദ്ദേഹം മനസ്സിരുത്തുമെങ്കിലും വേണ്ടിവന്നാൽ "ലോയർ നോട്ടീസ്സ്" അയപ്പാനും വ്യവഹാരം കൊടുക്കുവാനും ഒക്കെ താൻ ഒരുക്കമുണ്ടെന്നും ധ്വനിപ്പിക്കാതിരിക്കുമോ? അതിരിക്കട്ടെ. ഈ സന്ദേശത്തിൽ വ്യാഖ്യാതാക്കന്മാർ പറയുന്ന വ്യംഗ്യാത്ഥം 'മയ്യാദ'യായിട്ടുള്ളതല്ലെന്നു കരുതുന്ന ആരാൻ മൂലത്തിൽനിന്നു കവിഞ്ഞു് 'മുന്നേതാൻ' എന്നൊരു പദം കൂട്ടിച്ചേത്തതും അതിനെപ്പിടിച്ചു ടിപ്പണകാരൻ കാശ്യപന്റെ ധനസ്ഥിതിയുടെ പഴമയെ പുകഴ്ത്തിയതും മററും കുറെ എറിപ്പോയില്ലേ എന്നു സംശയിക്കുന്നു. വള്ളത്തോൾ "വിചിന്ത്യ" എന്നതിന്റെ പ്രഥമകമ്മമായ 'അസ്മാൻ' എന്നതിനെ രണ്ടാമത്തേതാക്കിയതും ശരിയായില്ല.

(തുടരും)